KNANAYADEEPAM

# ക്നാനായദീപം

SINCE 1989

Vol: 32 / Issue: 4 April 2021 ₹ :15/-



# വേർപാടിന്റെ 1 – ാം വാർഷികം

06 – 04 – 2021



# സെനി ചാക്കോ

## കണ്ടല്ലൂമണ്ണിൽ, ഇരവിപേരൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

SINCE 1989

# ക്നാനായ ദീപം

2021 ഏപ്രിൽ പുസ്തകം 32 ലക്കം 4

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04
സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05
സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ
കാൽവറി നാഥൻ 07
ബിജു ഇ. പി., ഇളമ്പള്ളിൽ
രക്ഷിക്കാം കുഞ്ഞുങ്ങളെ 'സൈബർ' ഇടങ്ങളിൽനിന്ന് 08
സുനിൽ ഡി. കുരുവിള
കത്തിയും വിറകും ഉണ്ട് അറുപ്പാനുള്ള ആട് എവിടെ? 09
റ്റി.കെ തോമസ് തൈക്കുറിഞ്ഞിയിൽ
സമുദായ ട്രസ്റ്റി അനുസ്മരണം 10
മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജയിംസ് തോടത്തിൽ
പരീക്ഷയും ആശങ്കകളും ഉപരിപഠനവും 18
അനിൽ ബോസ്. എ
ഏവൻഗേലിയോൻ ദീപം 19
ഫാ. ജേക്കബ് റ്റി.ഐ. തുരുത്തിക്കോണത്ത്
വിശുദ്ധരാകാം നിത്യതക്കായി 22
സാന്ത സെയ്റ്റ്
മല്പാനോടു ചോദിക്കാം 23
മലർവാടിക്കൂട്ടം 24
24 ബാലദീപം ക്വിസ്
25 പുഞ്ചിരിയുടെ മാസ്മരിക ശക്തി
റ്റി. സി. തോമസ് തോപ്പിൽ
26 ഇൻജക്ഷൻ
ജോസഫ് തോമസ്
26 നാമം ഉണർന്നു
ശോശാമ്മ ജോസഫ്
31 വാർദ്ധക്യവും മരണവും....
കെ.എ. തോമസ് കൊമരത്തുംപറമ്പ്
33 സുറിയാനി ഓർത്തഡോക്സ് സഭയുടെ വിശ്വാസ മാനദണ്ഡങ്ങൾ
റ്റി.എം. തോമസ്
36 വെട്ടുന്നവനോട് കോടാലി വമ്പു പറയുമോ
സിജോ ജോസ്
37 വാടകവീട് ഇടത്താവളം
അമ്മാൾ രാജൻ പുളിമൂട്ടിൽ
38 മാട്രിമോണിയൽ
40 ദാവീദ്

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
H.E. Mor Severios Kuriakose
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
V. Rev. Roy Mathew Mulamoottil

**Managing Editor**
Fr. Jaicobkutty K.S. Kallookulam

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
Fr. Sherin C. Kollamparampil

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)
T. O. Abraham Thottathil
(Samudaya Secretary)


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 85475 84440
E-mail:
kna.deepam@gmail.com

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

Visit www.knanayadeepam.in

**കർത്താവിന്റെ ഉയിർപ്പ് ക്രൂശിന്റെ മറുവശമാണ്. അത് മനുഷ്യത്വത്തിന്റെ മഹത്വീകരണമായിരുന്നു. കർത്താവിന്റെ പ്രവർത്തികൾ ഏതാനും ആളുകൾക്കോ സ്ഥലത്തേക്കോ മാത്രം വേണ്ടിയുള്ളതല്ലായിരുന്നു.**



# editorial

## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

അന്ധകാരത്തിലും നിരാശയിലും കഴിയുന്ന ലോകത്തിന് ഉയിർത്തെഴുന്നേറ്റവനായ അത്ഭുത പ്രകാശമായി ഉദിച്ച നീതി സൂര്യനായ യേശുക്രിസ്തുവിനെ കാണിച്ചു കൊടുക്കുക എന്നതാണല്ലോ നമ്മുടെ ദൗത്യം. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന് ക്രിസ്തുനാഥൻ അരുളിച്ചെയ്തു. ആ വാക്കുകളെ വിശ്വസിച്ചുകൊണ്ട് യേശുക്രിസ്തുവിൽനിന്ന് പ്രകാശം ഉൾക്കൊണ്ടുകൊണ്ട് ലോകത്തിന് യേശു ക്രിസ്തുവാകുന്ന ടോർച്ച് ഏന്തികൊണ്ട് പ്രകാശം പകർന്നുകൊടുക്കുവാൻ നമുക്കു സാധിക്കുന്നു എങ്കിൽ മാത്രമേ ആ ദൗത്യം വിജയിക്കുക ഉള്ളു. ഇന്ന് ക്രിസ്തീയ സഭയിൽ ഈ വെളിച്ചം ഉൾക്കൊള്ളുവാൻ ആളുകൾ ഇല്ലാത്തതല്ലേ നാം അധഃപതിക്കുന്നതിനു മുഖ്യകാരണം. കർത്താവിന്റെ ഉയിർപ്പ് ഒരു ചരിത്ര സത്യമാണ്. യേശുക്രിസ്തു ജീവിച്ചിരുന്ന ഒരു ചരിത്ര പുരുഷൻ ആയിരുന്നുവെന്ന് ഏത് അവിശ്വാസിയും നിരീശ്വരനും സമ്മതിക്കുന്നുണ്ട്. എന്നാൽ തന്റെ ഉയിർപ്പ്, സ്വർഗ്ഗാരോഹണം പുനരാഗമനം മുതലായവ അതിന്റെ അക്ഷരികാർത്ഥത്തിൽ അനേകരും ഗ്രഹിക്കുകയോ വിശ്വസിക്കുകയോ ചെയ്യുന്നില്ല. നാം എല്ലാ കുർബ്ബാനയിലും "കർത്താവിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും നിന്റെ ഉയിർത്തെഴുന്നേൽപ്പിനെ ഞങ്ങൾ വിശ്വസിക്കുകയും നിന്റെ രണ്ടാമത്തെ എഴുന്നള്ളിപ്പിനായി നോക്കി പാർക്കുകയും ചെയ്യുന്നു എന്ന് പ്രാർത്ഥിക്കുന്നവരാണ്. കർത്താവിന്റെ ഉയിർപ്പ് ക്രൂശിന്റെ മറുവശമാണ്. അത് മനുഷ്യത്വത്തിന്റെ മഹത്വീകരണമായിരുന്നു. കർത്താവിന്റെ പ്രവർത്തികൾ ഏതാനും ആളുകൾക്കോ സ്ഥലത്തേക്കോ മാത്രം വേണ്ടിയുള്ളതല്ലായിരുന്നു. പ്രത്യുത മനുഷ്യകുലത്തെ പ്രതിനിധാനം ചെയ്തുകൊണ്ടുള്ളതായിരുന്നു. മനുഷ്യവർഗ്ഗം കടന്നുപോകേണ്ട പടികളെല്ലാം കർത്താവ് സ്വശരീരംകൊണ്ടു നിറവേറ്റി. അതുകൊണ്ട് കർത്താവ് ചെയ്തിട്ടുള്ളതും, ഇന്നും പിതൃസന്നിധിയിൽ ചെയ്തുകൊണ്ടിരിക്കുന്നതുമായ പ്രവർത്തനങ്ങൾക്ക് ഒരു പ്രാതിനിധ്യ സ്വഭാവം കൂടെയുണ്ട്. തന്റെ ക്രൂശിലെ പരമയാഗംകൊണ്ട്, പാപം ആവിർഭവിക്കുന്നതിനുമുമ്പുള്ള പരിശുദ്ധാവസ്ഥയിലേക്ക് നമ്മുടെ മനുഷ്യത്വത്തെ യഥാസ്ഥാനപ്പെടുത്തുക മാത്രമല്ല. നമ്മുടെ മനുഷ്യത്വം മഹത്വീകരിക്കപ്പെട്ട അവസ്ഥയിൽ ആയിത്തീരുവാൻ വേണ്ട കാര്യങ്ങൾ കൂടെ സാധിക്കുകയുമാണ് ചെയ്തത്. അതിലേക്ക് ആദ്യമായി താൻതന്നെ മഹത്വീകരിക്കപ്പെട്ടവനായി ഉയിർത്ത് ഇന്നും ജീവിച്ചിരിക്കുന്നു ഇത് നാം വിശ്വസിക്കേണ്ടതായ ഒരു സത്യമാണ്. ആയതിനാൽ ആദ്യമായി നമുക്ക് ജീവിച്ചിരിക്കുന്ന ക്രിസ്തുവിന്റെ പ്രകാശം ഉൾക്കൊണ്ട് ജീവിക്കാം. അതിന് മലാഖി 4-ൽ പറയുന്നത് "യഹോവയെ ഭയപ്പെടണം" എന്നാണ്. അങ്ങനെ ഉള്ളവർക്ക് താൻ രോഗോപശാന്തിയോടുകൂടി ഉദിക്കും. അതിന് നമുക്ക് നമ്മെ തന്നെ സമർപ്പിക്കാം. അപ്പോൾ നമുക്ക് ശാന്തി ലഭിക്കും. നമ്മുടെ കർത്താവായ യേശുക്രിസ്തുവാകുന്നു നമ്മെ ഓരോരുത്തരേയും ഇവിടെ കൊണ്ടുവന്നത്. ഭാഷ കലങ്ങി, വിവിധ ഭാഷകളിൽ സംസാരിച്ചു. സ്വയം നശിപ്പിച്ചിരുന്ന മനുഷ്യൻ യേശുക്രിസ്തുവിനെ വിശ്വസിച്ചു. അവന്റെ പരിശുദ്ധാത്മാവിനെ പ്രാപിച്ചപ്പോൾ ഭാഷകളുടെ കലക്കം അവസാനിച്ചു. അവർക്ക് പരസ്പരം മനസ്സിലായി. 3000–5000 പേർ ഏക ഹൃദയ പരമാർത്ഥതയോടെ ഉല്ലാസം പൂണ്ട് ജീവിച്ചു എന്ന് അപ്പോ. പ്ര. 2-ൽ നാം വായിക്കുന്നു. ഭിന്നതകളും കലക്കങ്ങളും അവസാനിച്ചു, സ്വർഗ്ഗരാജ്യം ഭൂമിയിൽ സ്ഥാപിതമായ അനുഭവമാണ് ആദിമ സഭയിൽ ഉണ്ടായിരുന്നത്. ദ്രവ്യാഗ്രഹവും നിഗളവുമില്ല. സ്വർഗ്ഗത്തിലെപോലെ ഭൂമിയിലും എന്നതായിരുന്നു അവരുടെ പ്രമാണവും ജീവിതവും. ആദിമ സഭ എവിടെ, ഇന്നത്തെ സഭ എവിടെ? സമരങ്ങളിലും, വ്യവഹാരങ്ങളിലും, പരീക്ഷകളിലും വിജയമോ തോൽവിയോ ഉണ്ടാകാം. മലങ്കര സുറിയാനി സഭയിൽ ദീർഘകാലം നിലനിൽക്കുന്ന വ്യവഹാരത്തിനു അന്ത്യം വരത്തക്കവണ്ണവും, ശാശ്വതമായ ഒരു സമാധാനം ഉണ്ടാകുവാൻ തക്കവണ്ണം പൂർവ്വാധികം സഭാംഗങ്ങളെ പരസ്പരം അടുപ്പിക്കുന്നതിനു പര്യാപ്തമായ ഒരു പരിതസ്ഥിതി തന്മൂലം സംജാതമാകത്തക്കവണ്ണവും പരിശുദ്ധാത്മാവ് പ്രവർത്തിക്കാൻ നമുക്ക് പ്രാർത്ഥിക്കാം. ദൈവം പരാജിതനാകാത്ത സർവ്വ ശക്തനാണെങ്കിലും ദൈവത്തെ പരാജിതനാക്കിത്തീർക്കുവാനാകാത്ത സർവ്വശക്തനാണെങ്കിലും (മാലാഖി. 3:9). ദൈവം സർവ്വ വല്ലഭനാണെങ്കിലും ദൈവ ശക്തിയെ പ്രവർത്തിരഹിതമാക്കുവാൻ മനുഷ്യർക്ക് കഴിയും. (മർക്കോ. 6:5). ദൈവത്തിന്റെ പരിശുദ്ധനാമം ദുഷിക്കപ്പെടുവാൻ സന്ദർഭം ഉണ്ടാകാം യേശുക്രിസ്തുവിനെ പരാജയപ്പെടുത്തുവാൻ മനുഷ്യനു കഴിയുമെങ്കിൽ, സഭയെ പരാജയപ്പെടുത്തുവാനും കഴിയും. ആര് ജയിച്ചാലും തോറ്റാലും യേശു ക്രിസ്തു വിജയിക്കുന്ന, തന്റെ സഭ വിജയിക്കുന്ന, ഒരു വ്യവസ്ഥിതിയാണ് നമുക്ക് വേണ്ടത്. ഇന്ന് നാം ഐക്യത്തിനുവേണ്ടി മുൻപോട്ടു ചലിക്കുന്നില്ലെങ്കിൽ നാളെ നിലനിൽപ്പിനുവേണ്ടി യോജിക്കേണ്ട ഗതികേടുണ്ടാകും എന്ന് നമുക്ക് അറിയാം. ആയതിനാൽ സ്വാർത്ഥതയും അധികാര മോഹവും കക്ഷിവഴക്കുകളും വിട്ട് യോജിക്കാൻ വേണ്ടി പ്രവർത്തിക്കാൻ യുവജനങ്ങൾ മുൻപോട്ടു വന്നേ മതിയാകൂ എന്ന ബോധത്തോടെ നമുക്ക് നീങ്ങാം. ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ തമ്മിലുള്ള ചേർച്ചക്ക് അയവു തട്ടുമ്പോൾ അത് തകർന്നുപോകും. പുറമെ നോക്കുമ്പോൾ അതിന്റെ

*(ശേഷം പേജ് 9-ൽ)*



# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

കർത്താവിൽ പ്രിയരെ,

ഈസ്റ്ററിന്റെ മഹാസന്തോഷത്തിലേക്കു നാം പ്രവേശിച്ചിരിക്കുന്നുവല്ലോ. വിശുദ്ധനായ പൗലോസ് ശ്ലീഹാ ഇപ്രകാരം പറഞ്ഞുവല്ലോ "യേശു ഉത്ഥാനം ചെയ്തിട്ടില്ലെങ്കിൽ നമ്മുടെ വിശ്വാസം വ്യർത്ഥമാണ്" (1 കോരി.15:17). ഉയിർപ്പു ഞായർ ഏറ്റവും വലിയ സന്തോഷത്തിന്റെ ദിനമാണ്. കാരണം നമ്മുടെ ദിവ്യ നാഥൻ ഉയിർത്തെഴുന്നേറ്റു, അവിടുന്ന് മരണത്തെ ജയിച്ചു, അവിടുന്ന് നിത്യം ജീവിക്കുന്നു.

യേശുനാഥന്റെ പുനരുത്ഥാനം നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമാണ്. ക്രിസ്തുവിന്റെ വിജയം നമ്മുടെ വിജയമായി. കാരണം, പുനരുത്ഥാനം ചെയ്ത കർത്താവിൽ നമ്മളോരോരുത്തരും ഉയിർത്തെഴുന്നേറ്റിരിക്കുന്നു. മരിക്കാതെ ഉയിർക്കുക സാധ്യമല്ല. നമ്മൾ മരിച്ചുവോ? ക്രിസ്തുവിനോടൊത്തു നമ്മളും മരിച്ചു. നമ്മുടെ ആ മരണം നമ്മൾ സ്വീകരിച്ച മാമോദീസായിൽ സംഭവിച്ചു. വി. പൗലോസ് ശ്ലീഹാ പറയുന്നു "മാമോദീസായിൽ ക്രിസ്തുവിനോടുകൂടി മരിക്കുന്നു. അവിടുത്തോടുകൂടി ഉയിർക്കുന്നു" എന്ന്. അതെ, ക്രൈസ്തവരായ നാമോരോരുത്തരും ക്രിസ്തുവിന്റെ മരണത്തിലും ഉയിർപ്പിലും പങ്കാളികളാണ്. സന്തോഷിക്കുവാൻ നമുക്കവകാശമുണ്ട്. മാമോദീസാ വഴി ക്രിസ്തുവാകുന്ന തായ്ത്തണ്ടിൽ ഒട്ടിക്കപ്പെട്ട ശാഖയായിത്തീർന്നു നമ്മൾ. അവിടുത്തെ ദൈവീക ജീവൻ നമ്മിലേക്കൊഴുകുന്നു. അതു നമ്മെ ജീവിപ്പിക്കുന്നു. ആ ജീവൻ ഉയിർത്തഴുന്നേറ്റ ക്രിസ്തുവിന്റെ ജീവനാണ്.

ക്രിസ്തു ഇന്നും ജീവിക്കുന്നു. നമ്മിൽ ജീവിക്കുന്നു. യേശുവിന്റെ പ്രബോധനങ്ങൾ സ്വീകരിച്ച് സ്നേഹത്തിന്റെ ജീവിതം നയിക്കുന്നവരിൽ യേശു ഇന്നും ജീവിക്കുന്നു. സഹനങ്ങളോ, പ്രതിസന്ധികളോ പീഡനങ്ങളോ ഒന്നും തന്നെ അവരെ തകർക്കുവാൻ പര്യാപ്തമല്ല. മരണത്തെപ്പോലും കീഴ്പ്പെടുത്തിയ കർത്താവിലാണ് അവരുടെ വിശ്വാസവും ജീവിതവും.

ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടെയുണ്ട് എന്നു പറഞ്ഞ ക്രിസ്തുനാഥൻ എന്തൊരു വലിയ പ്രത്യാശയാണ് നമ്മുക്ക് നൽകുന്നത്. ഇതാ കർത്താവ് ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും" (യോഹ.14:18). ഇസ്രായേലിലെ നവജാതരായ ആൺകുട്ടികളെയെല്ലാം വധിക്കാൻ ഉത്തരവിട്ട അതേ ഫറവോയുടെ കൊട്ടാരത്തിൽ തന്നെ ബാലനായ മോശയെ ദൈവം വളർത്തി. ക്ഷാമത്തിന്റെ നാളുകളിൽ ഏലിയ പ്രവാചകന് കാക്കകൾ വഴി അവിടുന്ന് അപ്പമെത്തിച്ചു കൊടുത്ത് അദ്ദേഹത്തിന്റെ ജീവനെ സംരക്ഷിച്ചു. പൂർവ്വ പിതാവായ യൗസേഫ് സ്വന്തം സഹോദരങ്ങളാൽ ചതിക്കപ്പെട്ട് അടിമയായി വിൽക്കപ്പെട്ടപ്പോഴും, തുടർന്ന് കടുത്ത സഹനങ്ങളിലൂടെ അദ്ദേഹത്തിന് പോകേണ്ടി വന്നെങ്കിലും ദൈവം ആ മനുഷ്യനെ ഉയർത്തി ഈജിപ്റ്റിന്റെ ഭരണാധികാരിയാക്കി മാറ്റി. ആ ദൈവം ഇപ്പോഴും ജീവിക്കുന്നു. സുറിയാനി സഭ ഏറ്റവും പ്രാധാന്യത്തോടെ കാണുന്ന വലിയപെരുന്നാളാണ് കർത്താവിന്റെ ഉയിർപ്പു പെരുന്നാൾ.

ഉത്ഥിതനായ ക്രിസ്തു നാഥനിലുള്ള നമ്മുടെ വിശ്വാസം എല്ലാ വിധത്തിലുമുള്ള നിരാശയിൽ നിന്നും, ഉൽക്കണ്ഠയിൽ നിന്നും നമ്മെ മോചിപ്പിക്കും. സ്വർഗ്ഗം ഏശയ്യ പ്രവാചകനിലൂടെ വെളിപ്പെടുത്തി. "കർത്താവ് നിന്നെ നിരന്തരം നയിക്കും. മരുഭൂമിയിലും നിനക്ക് സമൃദ്ധി നൽകും. അവിടുന്ന് നിന്റെ അസ്ഥികളെ ബലപ്പെടുത്തും. നനച്ചുവളർത്തിയ പൂന്തോട്ടവും, വറ്റാത്ത നീരുറവയും പോലെ ആകും നീ" (ഏശയ്യ 58:11).

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**
**സമുദായ മെത്രാപ്പോലീത്താ**

**ക്രിസ്തു ഇന്നും ജീവിക്കുന്നു. നമ്മിൽ ജീവിക്കുന്നു. യേശുവിന്റെ പ്രബോധനങ്ങൾ സ്വീകരിച്ച് സ്നേഹത്തിന്റെ ജീവിതം നയിക്കുന്നവരിൽ യേശു ഇന്നും ജീവിക്കുന്നു.**



റ്റി.ഒ. എബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

ഉയിർപ്പിന്റെയും പ്രത്യാശയുടെയും സന്ദേശവുമായി ലോകമെമ്പാടുമുള്ള ക്രൈസ്തവർ ഈസ്റ്റർ ആഘോഷിച്ചു. ഓരോ ഉയർത്തെഴുന്നേൽപ്പുകളും നൽകുന്നത് പുതു പുത്തൻ പ്രതീക്ഷകളാണ്. ദു:ഖവെള്ളിയ്ക്കും കുരിശു മരണത്തിനും ശേഷം ഉയർത്തെഴുന്നേറ്റ യേശു ഏത് പീഡാസഹനത്തിനും ശേഷം പ്രതീക്ഷയുടെ ഒരു പുലരി ഉണ്ടാകുമെന്ന സന്ദേശമാണ് തന്റെ ജീവിതത്തിലൂടെ ലോകത്തെ പഠിപ്പിച്ചത്. ഈ ഈസ്റ്റർവേള നമ്മളിൽ സ്നേഹവും സമുദായപുരോഗതിക്ക് ഉതകുവാനും ഉള്ള ശ്രമത്തിന് സർവ്വശക്തനായ ദൈവം ഊർജ്ജം പകരു മാറാകട്ടെ.

50 ദിവസത്തെ നോമ്പാചാരണത്തിന്റെ വിശുദ്ധിയോടെ യാണ് സ്നേഹത്തിന്റെയും പ്രത്യാശയുടെയും തിരുനാളായ ഈസ്റ്റർ വിശ്വാസികൾ ആഘോഷിച്ചത്. കുരിശുമരണത്തെ ജയിച്ച് ക്രിസ്തു ഉത്ഥാനം ചെയ്തതിന്റെ ഓർമയിൽ സമാധാനത്തോടും പ്രത്യാശയോടും കൂടി നമുക്ക് ഇനിയുള്ള നാളുകൾ മുന്നേറാൻ ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സംഭവബഹുലമായ നാളുകളായിരുന്നു കഴിഞ്ഞ മാർച്ച് മാസം. സമുദായത്തിന്റെ അല്മായ ട്രസ്റ്റി കമാൻഡർ ശ്രീ. സ്കറിയാ തോമസ് എക്സ്. എം.പി.യുടെ വേർപാട് അതിലേറ്റവും വേദനാജനകമായ അനുഭവം ആയിരുന്നു. കഴിഞ്ഞ ജനുവരി മാസം 28-ാം തീയതി അദ്ദേഹത്തിന് കോവിഡ് 19 സ്ഥിരീകരിച്ചിരുന്നു. എന്നാൽ അതു ഭേദം ആകു കയും ചെയ്തു. അതേത്തുടർന്നുണ്ടായ അനാരോഗ്യതയാൽ വീണ്ടും ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും കഴിഞ്ഞ മാർച്ച് മാസം പതിനെട്ടാം തീയതി നമ്മളിൽ നിന്ന് വേർപെട്ട് ദൈവസന്നിധിയിലേക്ക് ചേർക്കപ്പെടുകയും ചെയ്തു. ഈ വിവരം വളരെ ദു:ഖത്തോടു കൂടിയാണ് സമുദായ അംഗങ്ങളും അസ്സോസിയേഷൻ മെമ്പർമാരും ക്നാനായ കമ്മിറ്റിയും ശ്രവിച്ചത്.

ഈ ദു:ഖവാർത്ത അറിഞ്ഞ ഉടനെ അടിയന്തിരമായി ക്നാനായ കമ്മിറ്റി മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ യോഗം ചേരുകയും പിന്നീട് ഉള്ള ക്രമീകരണങ്ങൾ ഉടൻതന്നെ ചെയ്യു കയും ചെയ്തു. പത്രമാധ്യമങ്ങളിൽ അനുശോചന സന്ദേശവും ഫോട്ടോയും മറ്റും കൊടുക്കുകയും സമുദായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ സ്ഥാപന ങ്ങൾക്കും ദു:ഖസൂചകമായി അവധി പ്രഖ്യാപിക്കുകയും ചെയ്തു. പരേതന്റെ മൃതശരീരം സമുദായ ആസ്ഥാനമായ മോർ അപ്രേം സെമിനാരിയിൽ കൊണ്ടുവരികയും പൊതുദർശനത്തിന് വെക്കുകയും സമുദായത്തിലെ ഭക്തസംഘടനകളുടെയും സ്ഥാപനങ്ങ ളുടെയും സമുദായ അംഗങ്ങളുടെയും ആദരാഞ്ജലികള ർപ്പിക്കുകയും ചെയ്തു. നീലംപേരൂർ സെന്റ് ജോർജ് വലിയപള്ളിയിൽ സമുദായ മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ അനുശോചന യോഗം ചേരുകയും ചെയ്തു. സമുദായ ട്രസ്റ്റി സ്കറിയാ തോമസ് എക്സ്. എം.പി.യുടെ നിര്യാണത്തിൽ ക്നാനായ സമുദായത്തിന്റെ അനുശോചനവും എന്റെ വ്യക്തിപരമായ അനുശോചനവും ദു:ഖവും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. അബ്രഹാമ്യ മടികളിൽ തന്റെ ദാസനെ ആശ്വസിപ്പിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സമുദായ ട്രസ്റ്റിയുടെ മരണത്തെ തുടർന്ന് സമുദായ ത്തിലുണ്ടായ ഭരണസ്തംഭനം പരിഹരിക്കുന്നതിനുവേണ്ടി ക്നാനായ കമ്മിറ്റി ഏപ്രിൽ 5-ാം തീയതി കൂടുകയും ക്നാനായ കമ്മിറ്റിയിൽ നിന്നും കമ്മിറ്റി അംഗം ശ്രീ. ജേക്കബ് തോമസ് മറ്റയ്ക്കാട്ട്-നെ ആക്ടിംങ് ട്രസ്റ്റിയായി തിരഞ്ഞെടുത്തു. അടുത്ത ക്നാനായ അസ്സോസിയേഷനിൽ സ്ഥിരം ട്രസ്റ്റിയെ തിരഞ്ഞെടുക്കുന്നതിനും തീരുമാനിച്ചു.

വളരെ ദു:ഖത്തോടെ ഒരു കാര്യം സമുദായ അംഗങ്ങളെ അറിയിക്കാതെ ഇരിക്കുവാൻ നിവർത്തിയില്ല. നമ്മുടെ ഇടയിൽ ചില അഭിപ്രായ വ്യത്യാസങ്ങൾ ഒക്കെ ഉണ്ട് എന്നത് ഒരു വസ്തുതയാണ്. അത് കാലാകാലങ്ങളിൽ ഉണ്ടായിട്ടുമുണ്ട്. എന്നാൽ സമുദായത്തിനുള്ളിലെ വിഷയ ങ്ങൾ മുഖാന്തരം പുറത്തു നിന്നുള്ള ആളുകളെ ഉപയോഗിച്ച് സമുദായത്തിന്റെ സ്വത്തുക്കൾ നശിപ്പിക്കുവാനുള്ള പ്രവണതയ്ക്ക് ആരും ഒരുകാലത്തും മുതിർന്നിട്ടില്ല. കാലാകാലങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ വരുകയും പോകുകയും ചെയ്യും സമുദായം എന്നും നിലനിൽക്കണം.




ഭാവി തലമുറയ്ക്ക് കൈമാറേണ്ട താണ് സമുദായത്തിന്റെ സ്വത്തുക്കൾ. എന്നാൽ ഇപ്പോൾ ഇതാ സമുദായ ത്തിന്റെ സ്വത്തുക്കൾ മുഴുവൻ ഇല്ലാതാക്കി, സമുദായം കുളംതോണ്ടു വാൻ ചിലർ ശ്രമിക്കുന്നു. എലിയെ തോൽപ്പിക്കാൻ ഇല്ലം ചുടുന്നു എന്ന് കേട്ടിട്ടേയുള്ളൂ. എന്നാൽ അത് ഇവിടെ സംഭവിക്കുകയാണ്. സമുദായത്തിന്

ആകെയുള്ള സ്വത്തുക്കൾ നസ്രേത്ത് ആശ്രമവും അതിരിക്കുന്ന സ്ഥലവും നസ്രേത്ത് ഫാർമസി കോളേജും, ക്ലീമീസ് സ്കൂൾ തുടങ്ങിയവയും ആണെന്ന് എല്ലാവർക്കുമറിയാം.

ഇപ്പോൾ "തേഡ് ഐ" എന്ന ഓൺലൈൻ മീഡിയ ക്കാരനായ കോട്ടയത്തുള്ള എ.കെ. ശ്രീകുമാർ എന്ന ആളിനെകൊണ്ട് കേരളത്തിലെ വിജിലൻസ് ഡയറക്ടർ, തിരുവനന്തപുരത്തിന് ക്നാനായ സമുദായത്തിന്റെ സ്വത്തായ നസ്രേത്ത് ആശ്രമം, നസ്രേത്ത് ഫാർമസി കോളേജ്, ക്ലീമിസ് സ്കൂൾ തുടങ്ങിയ സമുദായ സ്ഥാപനങ്ങളെ ഇല്ലായ്മ വരുത്തി പൂട്ടിക്കുന്നതിനു വേണ്ടി പരാതി കൊടുപ്പിച്ചിരിക്കുകയാണ്.

ഇതുകൂടാതെ കന്യാകുമാരി ജില്ലയിലെ സമുദായം വക എഡേസാ തോട്ടം സമുദായത്തിന്റെ വകയല്ലാ എന്നും ഇതു ക്ലീമിസു തിരുമേനിയുടെ പേരിലുള്ള തോട്ടം ആണെന്നും സമുദായത്തിന് ഒരു ബന്ധവും ഇല്ല എന്നും സ്ലോട്ടർ ടാപ്പിംഗ് കഴിഞ്ഞു നിൽക്കുന്ന മരം മുറിച്ചുമാറ്റി പുതിയ മരം പ്ലാന്റ് ചെയ്യാൻ പാടില്ല എന്നും ആവശ്യപ്പെട്ട് തമിഴ്നാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ആ ഓൺലൈൻ പത്രക്കാരൻ ശ്രീകുമാർ തന്നെ പെറ്റീഷൻ അയച്ചിരിക്കുന്നു. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ വന്നു മരം മുറിക്കുന്നത് തടഞ്ഞിരിക്കുകയാണ്. എഡേസാ തോട്ടത്തിന്റെ ചരിത്രം നോക്കിയാൽ മേനാതോട്ടംകാർ 25 ഏക്കർ സ്ഥലം സമുദായത്തിന്റെ പേരിലും 25 ഏക്കർ സ്ഥലം അന്നത്തെ സമുദായ മെത്രാപ്പോലീത്തയായിരുന്ന ക്ലീമിസ് തിരുമേനി യുടെ പേരിലുമായി സമുദായത്തിന് എഴുതികൊടുത്ത താണ്.

ഈ തോട്ടത്തിന്റെ ഉടമസ്ഥാവകാശത്തിൽ തർക്കം പറയുവാൻ ആർക്കും അവകാശമില്ല. ഇത് സമുദായത്തിന്റെ സ്വത്ത് ആണ് ഇതിന്റെ പിന്നിൽ ഈ ഓൺലൈൻ പത്രക്കാരനെ ഉപയോഗിച്ച് പ്രവർത്തിക്കുന്നവർ ആരാണെ ങ്കിലും ഈ സമുദായത്തോട് ചെയ്യുന്ന ഏറ്റവും വലിയ അപരാധമാണ് എന്ന് മാത്രമേ ഇതേക്കുറിച്ച് ഇപ്പോൾ പ്രതികരിക്കുന്നുള്ളൂ.

ക്നാനായ സമുദായത്തിലെ സമുദായ അംഗങ്ങൾ സോഷ്യൽ മീഡിയയിൽ ധാരാളം വാട്സ്ആപ്പ് ഗ്രൂപ്പുകളും, ഫേസ്ബുക്ക് ഗ്രൂപ്പുകളും ഉണ്ടാക്കി സമുദായവുമായി ബന്ധപ്പെട്ട എന്ന് ധരിപ്പിക്കുന്ന പല വാർത്തകൾ സ്വന്തം പേരുകളിലും ഫേയ്ക് പേരുകളിലുമായി പ്രചരിപ്പിക്കുന്നുണ്ട്. ഈ വാർത്തകൾക്ക് സമുദായ മാനേജിംഗ് കമ്മിറ്റിയ്ക്കോ സമുദായ മെത്രാപ്പോലീത്തയ്ക്കോ യാതൊരു ബന്ധവും ഇല്ല. സമുദായത്തിന് ഔദ്യോഗികമായി സോഷ്യൽ മീഡിയ ഗ്രൂപ്പ് ഇല്ലാത്തതിനാൽ സമുദായ സെക്രട്ടറിയെയും ക്നാനായ കമ്മിറ്റി അംഗങ്ങളെയും മറ്റ് ഔദ്യോഗിക പദവി ഉള്ളവരെയും ചേർത്തിട്ടുള്ള സോഷ്യൽ മീഡിയയിലെ ഗ്രൂപ്പുകളിൽകൂടി സമുദായത്തിലെ ചില വാർത്തകളും അഭിപ്രായങ്ങളും ഞങ്ങൾ സ്വന്തം പേരിൽ പ്രസിദ്ധീകരി ക്കുന്നുണ്ട് എന്നത് വസ്തുതയാണ്.

എന്നാൽ ഔദ്യോഗികമായി ഞങ്ങളുടേതു അല്ലാതെ സോഷ്യൽ മീഡിയ ഗ്രൂപ്പുകളിൽ വരുന്ന വോയിസ് മെസ്സേജുകൾക്കോ ലേഖനങ്ങൾക്കോ ക്നാനായ കമ്മിറ്റിക്ക് ഒരുതരത്തിലുമുള്ള ഉത്തരവാദിത്വമോ ബാധ്യതയോ ഇല്ല എന്നു സമുദായ അംഗങ്ങളെ അറിയിക്കുന്നു.

എല്ലാ മാസവും സമുദായ വാർത്തകളിൽ പറയുന്നത് വീണ്ടും ആവർത്തിക്കുന്നു. സമുദായത്തിൽ ശാശ്വത സമാധാനത്തിനുവേണ്ടി പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ക്നാനായ കമ്മിറ്റി എപ്പോഴും തയ്യാറാണ്. അതിന് ബന്ധപ്പെട്ടവർ മനസ്സ് കാണിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ
എന്ന്
ക്നാനായ കമ്മിറ്റിക്കുവേണ്ടി
സമുദായ സെക്രട്ടറി
**റ്റി.ഒ. ഏബ്രഹാം**
**തോട്ടത്തിൽ**

---

# കാൽവരി നാഥൻ

**ബിജു ഇ.പി, ഇളമ്പള്ളിൽ**

കാൽവരി നാഥാ കാരുണ്യവാനെ
കരളിലെ ചോരയാൽ എൻ
കടഭാരം തീർത്തവനെ
എൻ കടഭാരം തീർത്തവനെ..

യേശുവേ........എൻ നാഥനേ..
യേശുവേ........എൻ നാഥനേ..
കേൾക്കണേ എൻ യാചന
ഗ്ലോറിയ, ഗ്ലോറിയ. ഹാഹാ ഹാലെലുയ്യ ഗ്ലോറിയ

ക്രൂശിലെ യാഗം,
കുന്തത്തിൻ മുറിവുകൾ
മുള്ളിൻ മുടിയാൽ
അടിയനുവേണ്ടി നീ ഏറ്റുവല്ലോ

കാരിരുമ്പാണികൾ
കൈകാൽ തുളച്ചപ്പോൾ
തിരുമേനിയിൽ തിരുനിണമൊഴുക്കി
പാപിയാമെൻ പാപം നീക്കിയല്ലോ

കഴുകീടണമെ കാൽവരി നാഥാ
ക്രൂശിലെ തിരുനിണത്താൽ
കരുതീടണമെ നിൻ കണ്മണി പോലെന്നെ
കരുണാമയനാം കർത്താവേ
കരുണാമയനാം കർത്താവേ..

ഏകണെ നിൻ കൃപ എന്നിൽ
ഏഴയാം എൻ പാപം ക്ഷമിച്ചിടുവാൻ
എൻ അകതാരിൽ ഒരു അതിഥിയായി
നിലകൊള്ളാൻ കൃപ തോന്നണമെ നാഥാ..

# രക്ഷിക്കാം കുഞ്ഞുങ്ങളെ 'സൈബർ' ഇടങ്ങളിൽനിന്ന്



Sunil D. Kuruvilla is a Human Resource Development Trainer and a practising Guidance Expert. He is the founder of INSIGHT MISSION, centre committed to youth and social empowerment. He can be contacted at +91 9656144712,
email: sunil_kuruvilla@rediffmail.com

സുനിൽ ഡി. കുരുവിള

കഴിഞ്ഞ ദിവസം കേട്ട ഒരു വാർത്ത വളരെ വേദനിപ്പിക്കുന്നതായിരുന്നു. "തിരുവനന്തപുരത്ത് യൂട്യൂബിൽ കണ്ട ദൃശ്യങ്ങൾ അനുകരിച്ച ബാലൻ തീപ്പൊള്ളൽ ഏറ്റു മരിച്ചു." കുട്ടികളിലെ cyber addiction ഉം വിഷാദ രോഗവും ആത്മഹത്യാ പ്രവണതയും അക്രമവാസനയും ഒക്കെ ഭയാനകമായ തോതിൽ നമ്മുടെ നാട്ടിൽ വർദ്ധിക്കുന്നു.

ഭൗതിക സൗകര്യങ്ങൾ വർദ്ധിക്കുന്നതനുസരിച്ച് കുട്ടികളിൽ സന്തോഷവും ആരോഗ്യവും നന്മയും ഒക്കെ കുറയുകയാണോ? അവർക്കു ചുറ്റുമുള്ള മുതിർന്നവർ വലിയ 'തിരക്കു'ള്ളവരാകുന്നതാണോ വിഷയം?

അതോ സെൽഫോണും ടെലിവിഷനും നമ്മുടെ കുടുംബ ഇടങ്ങളിലെ നല്ല നിമിഷങ്ങൾ മുഴുവൻ കവർന്നെടുത്തോ?

**കുട്ടികളെ ശ്രദ്ധിക്കുവാൻ മറക്കരുതേ.**

അവരോടു സംസാരിക്കാൻ അവരെ കേൾക്കാൻ ഒക്കെ സമയം കണ്ടെത്തുക.

ഓരോ കുട്ടിയുടെയും developmental ആവശ്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം. നമ്മുടെ parenting രീതി കണ്ടാൽ തോന്നും എല്ലാവർക്കും 'കണക്കിന്റെ' ട്യൂഷൻ ആണ് ആവശ്യമെന്ന്! ബാല്യത്തിൽ തന്നെ കുട്ടികളുടെ വളർച്ചാപരമായ ആവശ്യങ്ങൾ കണ്ടെത്തണം. അതിനു അവരെ നിരീക്ഷിക്കുകയും കേൾക്കുകയും അവരോടു ധാരാളം വർത്തമാനം പറയുകയും ഒക്കെ വേണം.

അവരുമായി പല കൊച്ചു കൊച്ചു പ്രവർത്തനങ്ങളിലും ഏർപ്പെടാം. പ്രോത്സാഹിപ്പിക്കാം! കുട്ടികൾ കൂടുതൽ ഉന്മേഷമുള്ളവരും സന്തോഷമുള്ളവരും ആയിത്തീരും.

Quality time is the best investment for children! എപ്പോഴും ഉപദേശം വേണ്ട. മറിച്ചു ജീവിതത്തെക്കുറിച്ചുള്ള നല്ല കാര്യങ്ങളും കഥകളും മികച്ച മാതൃകകളും ഒക്കെ അവർക്കു പരിചയപ്പെടുത്തി കൊടുക്കാം.

അവരുടെ മനോവ്യാപാരം – ചിന്താഗതി – മറ്റുള്ളവരിൽ നിന്നുള്ള സ്വാധീനം ഒക്കെ ശ്രദ്ധിക്കണം. അവർ സ്വാധീനിക്കപ്പെടുന്നത് ആരോട്? എന്തിനോടൊക്കെ? അവരുടെ സ്വഭാവത്തിന്റെ സൂചനകൾ കണ്ടെത്താം.

**പഠിത്തമല്ല, ജീവിതമാണ് ഏറ്റവും പ്രധാനം.** ഒരു നല്ല കഴിവുള്ള– സ്വഭാവമുള്ള വ്യക്തിയിലേ നല്ല ഒരു ഡോക്ടറിനെയോ എഞ്ചിനീയറിനെയോ ബിസിനസ്സ്കാരനെയോ ഒക്കെ സൃഷ്ടിക്കാൻ കഴിയൂ.

അടിസ്ഥാനം നല്ല മനുഷ്യനാണ്, ജീവിത മൂല്യങ്ങളാണ് – മറക്കാതിരിക്കാം.

Entrance coaching ഉള്ള സ്കൂൾ തേടി പോകുന്ന മാതാപിതാക്കൾ ഇത് മറക്കാതിരിക്കുക. നല്ല മനുഷ്യനെ ഒരുക്കുന്ന സ്കൂൾ ആദ്യം അന്വേഷിക്കാം! ജീവിത നൈപുണ്യങ്ങൾ വളർത്താം. വ്യക്തിത്വ വികസനം ഉറപ്പാക്കണം.

സെൽ ഫോൺ കളിപ്പാട്ടമല്ല. ബാല്യവും കൗമാരവും cell ലും app ലും screen ലും ആക്കി കളയാതിരിക്കാം.

**കുട്ടികൾക്ക് ആവശ്യത്തിന് നല്ല engagements** ഉണ്ടെങ്കിൽ അവർ 'screen' ൽ പെട്ട് പോവുകയില്ല. അമിതമായ സെൽ ഫോൺ ഉപയോഗം ആരോഗ്യ–മാനസിക പ്രശ്നങ്ങൾ പലതും കുട്ടികളിൽ സൃഷ്ടിക്കുന്നു. സ്വഭാവ വൈകല്യം – മോശപ്പെട്ട കൂട്ടുകെട്ട് ഇവയ്ക്കു കാരണമായേക്കാം! പല ഭീഷണിക്കും ചതികൾക്കും ഒക്കെ സാഹചര്യം ഉണ്ടാകാം. വളരെയധികം കുട്ടികളിൽ ഫോൺ ഗെയിമുകൾ 'ലഹരി'യായി മാറുകയും ജീവിതം രോഗാതുരമാവുകയും ചെയ്യുന്നുണ്ട്. അത്തരം കുട്ടികളിൽ വലിയ പെരുമാറ്റ പ്രശ്നങ്ങളും കാണാം. ഉറക്കക്കുറവ്, ഭക്ഷണത്തോടുള്ള താല്പര്യമില്ലായ്മ, പഠനത്തിലെ പിന്നോക്കാവസ്ഥ, അമിതമായ ദേഷ്യം, അക്രമ വാസന ഒക്കെ കാണാൻ കഴിയും. പല കുട്ടികളും പണം അപഹരിക്കുകയും അമിതമായി കളവു പറയുകയും ഒക്കെ ഇതിന്റെ ഭാഗമായി ചെയ്തേക്കാം.

കോവിഡിന് ശേഷം സ്കൂളിലേക്ക് തിരിച്ചു ചെല്ലുമ്പോൾ ഇത്തരം കുട്ടികൾ വലിയ അസ്വസ്ഥത നേരിട്ടേക്കാം. ശ്രദ്ധിക്കാം, രക്ഷിക്കാം!

**ഓരോ കുട്ടിയും വ്യത്യസ്തമാണ്;** നമ്മുടെ അവരോടുള്ള സമീപനം അത് മനസ്സിലാക്കിയാവണം.

കുട്ടികളെ അമിതമായി ലാളിക്കുന്നതും അവരുടെ എല്ലാ നിർബന്ധങ്ങളും സാധിച്ചു കൊടുക്കുന്നതും ഭാവിയിൽ ദോഷം ചെയ്യും. അമിതമായ താരതമ്യം വേണ്ട, മത്സരവും. ഓരോ കുട്ടിയും താനാരാണെന്നും തന്റെ മൂല്യമെന്താണെന്നും തിരിച്ചറിഞ്ഞു വളരട്ടെ. കുട്ടിക്കാലത്തുതന്നെ അവർക്കൊരു പോസിറ്റീവ് ഇമേജ് നൽകാൻ ശ്രമിക്കണം.

**കുട്ടികൾക്ക് കളിയും കലയും സൗഹൃദവും ഒക്കെ അവരുടെ വളർച്ചക്ക് അനിവാര്യമാണ്.** അവരുടെ സ്വഭാവം വൈകാരികതാളം, മാനസിക ആരോഗ്യം ഒക്കെ നിരീക്ഷിക്കാം– നിരന്തരം മെച്ചപ്പെടുത്താം. അവർക്കു നല്ല മാതൃക നൽകാം. തിരിച്ചറിവും ഉയർന്ന മൂല്യങ്ങളും കാഴ്ചപ്പാടുമാണ് നൽകാവുന്ന ഏറ്റവും വലിയ സമ്മാനം.

യാത്രകൾ, പ്രകൃതിയുമായുള്ള ബന്ധം, സമൂഹവുമായുള്ള ബന്ധം ഒക്കെ ധാരാളമായി പ്രോത്സാഹിപ്പിക്കണം. നല്ലൊരു വ്യക്തിത്വം രൂപപ്പെടുന്നതിൽ ഇതെല്ലാം സഹായിക്കും. മികച്ച വ്യക്തിത്വ വികസനമാണ് കുട്ടികൾക്ക് നൽകാവുന്ന ഏറ്റവും വലിയ നിക്ഷേപം.

അവരോടു കൂടെ കളിക്കാനും കെട്ടിപ്പിടിക്കാനും കൊഞ്ചിക്കൊഴയാനും ഉമ്മ വയ്ക്കാനും ഒന്നും പിശുക്കു കാട്ടേണ്ട! നല്ല ഭക്ഷണം ഉണ്ടാക്കാനും ഒരുമിച്ചിരുന്നു ഭക്ഷിക്കാനും സമയം കണ്ടെത്താം. പ്രാർത്ഥന വെറും 'യാന്ത്രികമാകാതെ ആചാരമാകാതെ അനുഭവമാക്കി മാറ്റുക. അഞ്ചു മിനിട്ടു ദൈവത്തെക്കുറിച്ചും വചനത്തെക്കുറിച്ചും ഒക്കെ സംസാരിക്കാം!

സൗകര്യങ്ങൾ മെച്ചപ്പെട്ടപ്പോൾ കുഞ്ഞുങ്ങളോടുള്ള കരുതലും സ്നേഹവും ശ്രദ്ധയും ഒരുപാടു കുറഞ്ഞില്ലേ എന്നൊരു സംശയം.

ഓർക്കാം, നമ്മുടെ വീട്ടിലെ CAR അല്ല കുഞ്ഞുങ്ങൾ ആണ് യഥാർത്ഥ "GIFT OF GOD".

Let childhood be more REAL than virtual. ●

# കത്തിയും വിറകും ഉണ്ട് അറുപ്പാനുള്ള ആട് എവിടെ?

റ്റി.കെ തോമസ് തൈക്കുറിഞ്ഞിയിൽ

യഹോവയായ ദൈവം അബ്രഹാമിന്റെ വിശ്വാസത്തെ പരീക്ഷിച്ച ഒരു സംഭവം വി.വേദപുസ്തകം ഉല്പ. 22-ാം അദ്ധ്യായത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. യഹോവയായ ദൈവത്തിന്റെ വാഗ്ദത്തപ്രകാരം അബ്രഹാം സാറാ ദമ്പതികൾക്ക് അവരുടെ വാർദ്ധക്യത്തിൽ നൽകപ്പെട്ട പുത്രൻ യിസ്സഹാക്കിനെ, യഹോവയ്ക്ക് ഹോമയാഗമായി അർപ്പിക്കാൻ യഹോവ, അബ്രഹാമിനോട് ആവശ്യപ്പെടുന്നു. തെല്ലും ആശങ്കയോ മടിയോ, കൂടാതെ തന്റെ ഏകജാത നായ പുത്രനെ ബലിയായി നൽകാൻ അബ്രഹാം തയ്യാറാകുകയും, കഴുതയ്ക്ക് കോപ്പുകെട്ടി, വിറകും, കത്തിയും, തീയും കരുതി, മകൻ യിസ്സഹാക്കിനേയും കൂട്ടി രണ്ടു ബാല്യക്കാർക്കൊപ്പം മൂന്നുനാൾക്കപ്പുറം യാത്രാദൂരമുള്ള മോറിയാ ദേശത്തേക്കു യാത്ര തിരിച്ചു. മൂന്നാം ദിവസം ദൂരത്തു നിന്നു നോക്കി അബ്രഹാം ആ സ്ഥലം കണ്ടു. ബാല്യക്കാരെ അവിടെ നിർത്തി, ഹോമയാഗത്തിനുള്ള വിറക് തന്റെ മകനായ യിസ്സഹാക്കിന്റെ ചുമലിൽ വച്ചു, തീയും കത്തിയും അബ്രഹാമും എടുത്തു ഇരുവരും ഒന്നിച്ചു നടന്നു. യാത്രയ്ക്കിടയിൽ അവർ പലതും സംസാരിച്ചുണ്ടാകാം. അപ്പാ! ഈ വിറക് എന്റെ ചുമലിൽ ഭാരമാണെന്നോ, ബാല്യക്കാർ യാഗസ്ഥലം വരെ വിറകു ചുമക്കില്ലായിരുന്നോ എന്നും, അമ്മയെക്കൂടി ഹോമയാഗത്തിനു പോകുമ്പോൾ കൂട്ടാമായിരുന്നില്ലെ എന്നും, അങ്ങനെ പലതും. യിസ്സഹാക്കിന്റെ സ്വഭാവിക സംശയങ്ങൾക്കു നിവാരണം വരുത്തിക്കൊണ്ട് അവരുടെ യാത്ര തുടരവെ, അബ്രഹാമിന്റെ ഹൃദയത്തെ വല്ലാതെ വേദനിപ്പിക്കുകയോ, ആശയക്കുഴപ്പത്തിലാക്കുകയോ, ചെയ്തേക്കാമായിരുന്ന ഒരു ചോദ്യം തന്റെ പുത്രനിൽ നിന്നും ഉയർന്നുവന്നു. വിറകും, കത്തിയും, തീയും ഉണ്ട്. അറുപ്പാനുള്ള ആട് എവിടെ? മറിച്ചൊന്നും ചിന്തിക്കാനുണ്ടായിരുന്നില്ല എന്നതുകൊണ്ടാകാം അബ്രഹാം മറുപടി നൽകി, യഹോവ കരുതിക്കൊള്ളും. ഹോമയാഗത്തിനുള്ള ബലിവസ്തു തന്റെ മകൻ യിസ്സഹാക്ക് തന്നെ ആണെന്ന് അവൻ അറിയുന്നില്ലല്ലോ എന്ന വിഷമം ഒരു പക്ഷെ അബ്രഹാമിന്റെ ഹൃദയത്തിൽ തേങ്ങലുകളായി അവശേഷിച്ചിട്ടുണ്ടാകാം. വീട്ടിൽ മടങ്ങിച്ചെല്ലുമ്പോൾ മകൻ എവിടെ എന്നുള്ള സാറായുടെ ചോദ്യത്തിനും, ബാല്യക്കാർ യിസ്സഹാക്കിനെപ്പറ്റി അന്വേഷിക്കുമ്പോൾ ഉത്തരം നൽകേണ്ട ബാദ്ധ്യതയും അബ്രഹാമിന്റേതുതന്നെ. അങ്ങനെ അനേക ചിന്തകളാൽ കലുഷിതമായിരിക്കാം അബ്രഹാമിന്റെ ഹൃദയം എന്നത് മാനുഷികമായ ഒരു ചിന്ത. സത്യത്തിൽ ഈ ചിന്തകൾ ഒന്നും തന്നെ അബ്രഹാമിനെ അലട്ടിയിട്ടുണ്ടാകുകയോ, അഥവാ ഈ ചിന്തകൾ ഒന്നും തന്നെ തന്റെ ഹൃദയത്തിലൂടെ കടന്നു പോയിട്ടുപോലുമുണ്ടാകില്ല എന്നതാണ് സത്യം. ദൈവം പറഞ്ഞു, അത് താൻ അനുസരിക്കുന്നു, ഇയ്യോബ് ചിന്തിച്ചതുപോലെ, ദൈവം തന്നു, ദൈവം എടുത്തു, ദൈവത്തിന്റെ നാമം മഹത്വപ്പെടട്ടെ എന്നു ചിന്തിച്ച് അബ്രഹാം ബലപ്പെട്ടു. യാഗപീഠം സജ്ജമാക്കി, വിറക് അടുക്കി. കൈകാലുകൾ ബന്ധിച്ച് മകനെ വിറകിൻ മീതെ കിടത്തി, അറുപ്പാൻ കൈകൾ വിറക്കാതെ കത്തി തന്റെ മകന്റെ മേൽ ഓങ്ങി, ഉടൻ ആ അശരീരി ഉണ്ടായി അബ്രഹാമേ, അബ്രഹാമേ, ബാലന്റെ മേൽ കൈവയ്ക്കരുത്, നിന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം നീ മടിക്കായ്കയാൽ നീ എന്നെ ഭയപ്പെടുന്നു എന്നു ഞാൻ അറിയുന്നു. കാട്ടിൽ കൊമ്പ് ഉടക്കികിടന്നിരുന്ന, ആട്ടുകൊറ്റനെ യിസ്സഹാക്കിനുപകരമായി, ആ യാഗപീഠത്തിൽ ബലി അർപ്പിച്ച് അബ്രഹാം സ്വഭവനത്തിലേക്കു മടങ്ങിപ്പോയി. യഹോവയെ ഭയപ്പെടുകയും, അവന്റെ ആജ്ഞ അനുസരിക്കുകയും ചെയ്യുന്ന ഏവനും, ഏതു പ്രതിസന്ധിയേയും തരണം ചെയ്യാൻ ദൈവം കൃപയും ശക്തിയും നൽകും എന്ന് ഈ സംഭവകഥ വ്യക്തമാക്കുന്നു. തുടർന്ന് ദൈവം അബ്രഹാമിനോട് അരുളിച്ചെയ്തതുപോലെ, ഞാൻ നിന്റെ സന്തതികളെ ആകാശത്തിലെ നക്ഷത്രംപോലെയും, കടൽക്കരയിലെ മണൽത്തരിപോലെയും ആക്കിത്തീർക്കും എന്ന വാഗ്ദാനവും നിറവേറ്റി, ഇന്ന് അബ്രഹാം വിശ്വാസികളുടെ പിതാവ് എന്നു അറിയപ്പെടുന്നു.

---

***എഡിറ്റോറിയൽ***

*(പേജ് 4 തുടർച്ച)*

വലിപ്പത്തിനോ, ആകൃതിയ്ക്കോ കുറ്റമില്ലെന്നു തോന്നിയാലും ചെറിയ ഒരു കുലുക്കം നേരിട്ടാൽ മതി അത് കൽകൂമ്പാരമാകുവാൻ. പുറമെ നോക്കിയാൽ കുറ്റമോ കുറവോ ഇല്ലാത്തതാണെന്ന് തോന്നിയാലും ചെറിയ ചെറിയ ഉരസ്സലുകൾ, കേസുകൾ ഉണ്ടാകുമ്പോൾ ചിന്നിച്ചിതറിപോകാവുന്ന അവസ്ഥയിൽ ആയിരിക്കുകയാണ് നമ്മുടെ സഭ. ഇന്ന് സഭയെ ഭരിക്കുന്നവരും ഓരോ ചുമതലകൾ നിർവ്വഹിക്കുന്നവരും സ്വന്തം ബുദ്ധിയും അഭിപ്രായവും താല്പര്യങ്ങളും തീരുമാനങ്ങളുമനുസരിച്ചാണ് കാര്യങ്ങൾ ചെയ്യുന്നത്. അതിന്റെ ദുരന്തങ്ങളും അനന്തര ഫലങ്ങളുമാണ് ഇന്ന് വാർത്താ മാധ്യമങ്ങളിലൂടെ നാം കാണുകയും കേൾക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്. ഇവയൊന്നും ഉയർച്ച അല്ല മറിച്ച് താഴ്ചയാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. നമ്മുടെ അധ:പതിച്ച അവസ്ഥകളെക്കുറിച്ച് ചിന്തിച്ച് നിരാശപ്പെടാതെ ഏതവസ്ഥയിലുള്ളവരെയും ഉയർത്താൻ കഴിവുള്ള ദൈവകരങ്ങളിൽ ഭരമേല്പിച്ച് നമുക്ക് യേശുക്രിസ്തുവാകുന്ന പ്രകാശം പരത്തുന്നവരായി തീരാം.

എന്ന്

**നിങ്ങളുടെ സ്വന്തം റോയി അച്ചൻ**



# കമാൻഡർ സ്കറിയാ തോമസ് Ex. M.P. കളത്തിൽ (സമുദായ ട്രസ്റ്റി) അനുസ്മരണം

ക്നാനായ സമുദായത്തിലെ പ്രബല കുടുംബങ്ങളിൽ ഒന്നായ നീലംപേരൂർ കളത്തിൽ തറവാട്ടിൽ പ്രമുഖ വ്യവസായി ആയിരുന്ന ശ്രീമാൻ കെ.റ്റി. സ്കറിയായുടെ പുത്രനായി ജനിച്ച സ്കറിയ തോമസ് എന്ന കുഞ്ഞച്ചൻ നീലംപേരൂർ സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കോട്ടയം സി.എം.എസ്. കോളേജിൽ കലാശാല വിദ്യാഭ്യാസവും നടത്തിയ അദ്ദേഹം കോൺഗ്രസ്സിൽ ചേർന്നു തന്റെ രാഷ്ട്രീയ പ്രവർത്തനമാരംഭിച്ചു. കേരളാ കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനം ആരംഭിച്ചപ്പോൾ അതിൽ പ്രവർത്തിക്കുകയും 1977 ൽ തന്റെ 31-ാം വയസ്സിൽ കോട്ടയം പാർലമെന്റ് മണ്ഡലത്തിലെ ലോകസഭാ M.P.യായി വിജയിക്കുകയും കോട്ടയത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായി രണ്ടാം പ്രാവശ്യവും ലോക്സഭ M.P.യായി അവരോധിക്കപ്പെടുകയും രാഷ്ട്രീയത്തിൽ വളരെ ശോഭിക്കുകയും ചെയ്തു. ക്നാനായ സമുദായത്തിലെ ഏക M.P.ആയി. കേരള കോൺഗ്രസ് ട്രഷറർ, സെക്രട്ടറി ജനറൽ അവസാനം സ്വന്തം പേരിൽ ഒരു രാഷ്ട്രീയ പാർട്ടിയായ കേരളാ കോൺഗ്രസിന്റെ ചെയർമാനായി ശോഭിക്കുന്നതിനും സാധിച്ചു. Tranvancore Sugars ന്റെ Chaiman, Kerala State Industrial Enterprises ന്റെ ചെയർമാൻ എന്നീ നിലയിൽ പ്രശസ്ത സേവനം അനുഷ്ഠിച്ചു.

റാന്നിയിലെ പ്രമുഖ കുടുംബമായ കല്ലംപറമ്പിൽ വീട്ടിൽ അഭി. ക്ലീമ്മീസ് വലിയ മെത്രാപ്പോലീത്തായുടെയും വയലാ ഇടുക്കുളയുടെയും സഹോദരി പുത്രി ലളിതയെ വിവാഹം ചെയ്തു സന്തുഷ്ടമായ കുടുംബജീവിതം നയിക്കുകയും സമുദായത്തിലെ പ്രമുഖ കുടുംബങ്ങളുമായി ബന്ധം സ്ഥാപിക്കുന്നതിനു സാധിക്കുകയും ചെയ്തു. സമുദായ ട്രസ്റ്റിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ നിര്യാണം. സമുദായിക രംഗത്തും അദ്ദേഹം സുപരിചിതനായിരുന്നു.

ഡൽഹി ക്നാനായ പള്ളിയുടെ ആരംഭകാലത്തെ പ്രവർത്തനങ്ങൾ വിസ്മരിക്കാൻ സാദ്ധ്യമല്ല. യാക്കോബായ സഭയ്ക്കുവേണ്ടി അദ്ദേഹം നടത്തിയിട്ടുള്ള സേവനം പ്രശംസനീയമാണ്. ഡൽഹി സെന്റ് പീറ്റേഴ്സ് യാക്കോബായ കത്തീഡ്രലും, ഭദ്രാസന ആസ്ഥാനവും ഡൽഹിയിലെ ഏറ്റവും പ്രധാന സ്ഥലത്ത് സ്ഥാപിക്കുവാൻ സ്ഥലം സമ്പാദിച്ചു കൊടുത്ത ആളാണ് അദ്ദേഹം. കോട്ടയത്ത് ശാസ്ത്രി റോഡിൽ സെന്റ് ജോസഫ് കത്തീഡ്രൽ പണിയുന്നതിനും 1982 ൽ പരി.സഖാ പ്രഥമൻ ബാവായുടെ ഇൻഡ്യാ സന്ദർശനത്തിനും, രാഷ്ട്രത്തിന്റെ അതിഥിയായി രാജോചിതമായ സ്വീകരണങ്ങൾ സംഘടിപ്പിക്കുന്നതിനും മുഖ്യധാരയിൽ പ്രവർത്തിച്ചതിന്റെ ഫലമായി മലങ്കരയിലെ യാക്കോബ് ബുർദാന എന്ന പദവിയും പിന്നീട് കമാൻഡർ പദവിയും ലഭിക്കുകയുണ്ടായി. ധീരനും തന്റേടിയുമായിരുന്ന സ്കറിയാ തോമസ് തികഞ്ഞ ഈശ്വര വിശ്വാസിയും ഒരു അന്ത്യോഖ്യാ സിംഹാസന ഭക്തനുമായിരുന്നു. ക്രിസ്തീയമായ തന്റെ പൈതൃകവും, കുലീനമായ തന്റെ കുടുംബ പാരമ്പര്യവും അദ്ദേഹം വിലമതിച്ചിരുന്നു. തളരാതെ പ്രവർത്തിച്ച ആ കർമ്മധീരൻ രാഷ്ട്രീയ നേതാവ്, ലോകസഭാ സമാജികൻ, സാമൂഹ്യപ്രവർത്തകൻ, സമുദായ സ്നേഹി എന്നീ നിലകളിലുള്ള സേവനത്തെ നമ്മുടെ ജനങ്ങൾ ഒരിക്കലും വിസ്മരിക്കുകയില്ല. ഇടപെടുന്ന ഏതൊരാൾക്കും കുഞ്ചായൻ തന്റെ സ്വന്തമാണെന്നു തോന്നിക്കുന്ന വിധത്തിലുള്ള പെരുമാറ്റമാണ് അദ്ദേഹത്തിന്റേത്. വിനയാന്വിത ജീവിതം, നല്ല വ്യക്തിത്വം, കുടുംബശ്രേഷ്ഠത, സ്നേഹാധിഷ്ഠിത ജീവിതം, നല്ല പെരുമാറ്റം എല്ലാം മായാതെ മറയാതെ എല്ലാവരുടെയും മനസ്സിൽ ചിരപ്രതിഷ്ഠ നേടാറുണ്ട്. സ്കറിയാ തോമസിന്റെ സ്മരണകൾക്കു മുൻപിൽ ക്നാനായ ദീപത്തിന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ചീഫ് എഡിറ്റർ

## ശുഭചിന്തകൾ

**നല്ലതു മാത്രം ചിന്തിച്ചാൽ മനസ്സു നന്നാകും. മനസ്സു നന്നായാൽ പ്രവർത്തി നന്നാവും. പ്രവർത്തി നന്നായാൽ കുടുംബം നന്നാവും. കുടുംബം നന്നായാൽ സമൂഹവും നന്നാവും. നമുക്ക് നല്ലത് മാത്രം ചിന്തിക്കാൻ ശീലിക്കാം.**

**പൊന്നും വെള്ളിയും ഭൂമിയുടെ ഉള്ളറകളിലാണ് കാണപ്പെടുന്നത്. മുത്തും പവിഴവും സമുദ്രത്തിന്റെ ആഴങ്ങളിലും. പക്ഷെ സന്തോഷവും സമാധാനവും നമ്മുടെ മനസ്സിലും ആത്മാവിലുമാണ് കാണപ്പെടുക, വെറുതെ ആ വാതിൽ ഒന്ന് തുറന്നാൽ മാത്രം മതിയാകും.**

# വിവാഹിതരായി



റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിൽ മണിമലേത്ത് മനു എബ്രഹാമിന്റേയും സിസി മനുവിന്റേയും മകൻ **ഡോ. പ്രണവ് മനുവും** ഇതേ ഇടവകയിൽപ്പെട്ട വള്ളിക്കാലായിൽ സാബു ജേക്കബിന്റേയും ജെനി ജേക്കബിന്റേയും മകൾ **മേഘ ജേക്കബും (USA)** തമ്മിലുള്ള വിവാഹം 2021 ഫെബ്രുവരി 8 –ാം തീയതി **അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പൊലീത്ത**യുടെ മുഖ്യ കാർമ്മികത്വത്തിൽ റാന്നി വലിയപള്ളിയിൽ വച്ച് നടത്തപ്പെട്ടു

Advt -O

# വിവാഹിതരായി



വെളിയനാട് സെന്റ് മേരീസ് ബേത്‌ലഹേം പള്ളി ഇടവകയിൽ കിഴക്കേ വലിയപറമ്പിൽ ഫാ. സി. കുര്യന്റെയും ജിജി കുര്യന്റെയും മകൻ **നിഖിൽ കുര്യനും,** തിരുവൻവണ്ടൂർ സെന്റ് മേരീസ് പള്ളി ഇടവകയിൽ കണ്ടത്തിൽ കളീക്കൽ കെ. സി. മാത്യുവിന്റെയും ഷീബ മാത്യുവിന്റെയും മകൾ **ലേയ മാത്യുവും** തമ്മിലുള്ള വിവാഹം 2020 ഡിസംബർ 26 –ാം തീയതി ഹൂസ്റ്റൺ സെന്റ് ജയിംസ് ക്നാനായ പള്ളിയിൽ വെച്ച് നടതതപ്പെട്ടു.

Advt -R


PROJECT BY
WAKE
KNANAYA
WEDDINGS.COM
ക്നാനായ
വെഡ്ഡിംഗ്സ്
ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി
www.knanayaweddings.com
എറണാകുളം
+91 70254 22022
ചിങ്ങവനം
+91 94461 46000
knanayaweddings@gmail.com


60th Wedding Anniversary
30-04-2021
Rajan Mathews
(Rajan Kunju)
&
Leelamma Rajan
Pozhimalayil
(Thuruthicadu)
Nattakom, Kottayam
With lots of love and prayers
Kochumon - Beena
Sabu - Priya
Sterin - Sanjana
Rohith, Rahul, Gabriel
Advt - S

# 35th Wedding Anniversary

14-04-2021



**V. J. Skariah (Raju) &**
**Kunjumol Skariah**
**Vadakkelempuraidath (H), Ranny**

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം നടത്തി

ആശംസകളോടെ
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt -0


# ആശംസകൾ



ക്നാനായ സമുദായത്തിന്റെ ആക്റ്റിംഗ് ട്രസ്റ്റിയായി

## ശ്രീ. തോമസ് ജേക്കബ് മറ്റക്കാടിനെ

ഐക്യകണ്ഠേന തിരഞ്ഞെടുത്തു.
ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരിൽ (വികാരി ജനറാൾ),
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ (സമുദായ സെക്രട്ടറി),
മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവർ സമീപം.

# ക്നാനായ കോൺഗ്രസ്

## ക്നായിതോമാ അനുസ്മരണം നടത്തി



ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ വെളിയനാട് സുഖാർ ധ്യാനകേന്ദ്രത്തിൽ നടത്തിയ ക്നായിതോമാ അനുസ്മരണം സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു.

## 'തണൽ 2021'



ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ "തണൽ 2021" ഭാഗമായ മാന്നാർ പാവുക്കരയിൽ നിർമ്മിച്ചു നൽകിയ ഭവനദാന സമ്മേളനത്തിൽ ക്നാനായ സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് താക്കോൽദാനം നിർവഹിക്കുന്നു. ശ്രീ. സജി ചെറിയാൻ എം.എൽ.എ. സമീപം

## 70 – ന്റെ നിറവിൽ (സപ്തതി)
04- 04 -2021



**തോമസ് മാത്യു**

ആലഞ്ചേരിൽ, വാകത്താനം

"ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം നടത്തി"

*Prayerful greetings-* കൊച്ചുമക്കൾ
*Gaby, Gaven, Aaron, Danny, Darran & Adon*

## 40 – ാം ചരമദിനം
10- 04-2021



**ഏബ്രഹാം കുര്യൻ (സാബു – 62)**

മണലിത്തറ, തെങ്ങേലി (കുവൈറ്റ്)

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 9th Birthday in Heaven
22-04-2021



**Melvin Mohan K (19)**

(S/o Mohan and Maymol)

കാവുങ്കൽ മെൽവിൻ വില്ല, തോലശ്ശേരി, തിരുവല്ല

We miss you Melvin

*നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ*

Beloved Family

Advt - S

## 7th Anniversary in Heaven
27-4-2021



**K. C. Thomas (Kunjomachen)**

**Kallamparampil, Ranny**

"You will live forever in our hearts"
By Loving Family,
Management and Staff
Kallamparampil Hardwares, Ranny

Advt - S

കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

**ജ്യോതിർ ഗമയ! (വെളിച്ചമെ നയിച്ചാലും)**

മാതാപിതാക്കളാകുന്ന വെളിച്ചത്തിന്റെ പിന്നാലെ നടക്കുന്നവരാണ് മക്കൾ. ആ വെളിച്ചം അണയാതെ കാത്തു സൂക്ഷിക്കുവാൻ ഓരോ മാതാവും പിതാവും ശ്രദ്ധിക്കണം. ഉത്തരവാദിത്വമില്ലാത്ത മാതാപിതാക്കൾ കുഞ്ഞുങ്ങളെ അഗാധ ഗർത്തത്തിലേക്ക് നയിക്കുന്നു. പക്വതയോടെ മക്കളെ നയിക്കുന്ന മാതാപിതാക്കൾ അവർക്ക് കൂരിരുട്ടിലും വെളിച്ചമായി ഉയരത്തിലേക്ക് നയിക്കുന്നു.

"അച്ചോ നല്ലതും ചീത്തയുമായ പൗരന്മാരെ സൃഷ്ടിക്കുന്നത് മാതാപിതാക്കളാണെന്നാണോ അച്ചൻ പറഞ്ഞു വരുന്നത്?".

രേഷ്മയുടെ ചോദ്യത്തിനുള്ള അച്ചന്റെ മറുപടി പെട്ടെന്നായിരുന്നു.

"മാതാപിതാക്കൾ മാത്രമല്ല; സമൂഹത്തിനും അതിൽ പങ്കുണ്ട്. എങ്കിലും മാതാപിതാക്കളാണ് കുട്ടികളുടെ ആദ്യകാല വഴികാട്ടികൾ. അപ്പോൾ അവരുടെ ഉത്തരവാദിത്വം കൂടുതലാണ്."

സ്വാർത്ഥതയിലും നിസ്വാർത്ഥതയിലും മക്കളെ വളർത്തുന്ന രണ്ടുതരം മാതാപിതാക്കളെ നമുക്കു പരിചയപ്പെടാം.

"അച്ചോ ഒന്നു വിശദമാക്കാമോ?"

ലീന ആകാംക്ഷാഭരിതയായി ചോദിച്ചു.

"തീർച്ചയായും".

നിങ്ങൾ ഒന്നു പരിശോധിച്ചു നോക്കൂ. താഴെപ്പറയുന്ന ഗുണങ്ങൾ നിങ്ങളുടെ കുട്ടികൾക്കുണ്ടാകുവാൻ നിങ്ങൾ ആഗ്രഹിക്കുകയും പ്രയത്നിക്കുകയും ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കൂ.

"സത്യസന്ധത, ആത്മവിശ്വാസം, അനുകമ്പ, ആത്മസംയമനം, കരുണ, ആനന്ദം, സഹകരണ മനോഭാവം, ആത്മനിയന്ത്രണം, വിജയിക്കുവാനുള്ള ആഗ്രഹം, ജിജ്ഞാസ, പങ്കുവയ്ക്കൽ തുടങ്ങിയ ഗുണങ്ങൾ നിങ്ങളുടെ മക്കൾക്കുണ്ടാകുവാൻ നിങ്ങൾ പ്രയത്നിച്ചിട്ടുണ്ടെങ്കിൽ നിങ്ങൾ പക്വമതികളായ മാതാപിതാക്കളാണ്."

മനുഷ്യ നന്മയെ ലക്ഷ്യമിട്ടുകൊണ്ട് സമൂഹത്തിൽ ജീവിക്കുവാനാണ് മക്കളെ പഠിപ്പിക്കേണ്ടത്. ഇങ്ങനെ പഠിപ്പിക്കുന്ന മാതാപിതാക്കൾ മക്കളുടെ മനസ്സിനെ വേട്ടയാടുന്ന ഭയം, ഉൽക്കണ്ഠ (anxiety), വിഷാദം (depression), നിരാശ, ആത്മവിശ്വാസക്കുറവ് എന്നിവയിൽ നിന്നും സംരക്ഷിക്കും.

മാതാപിതാക്കൾ കുട്ടികളുടെ വളർച്ചയിലെ ഓരോ ചലനവും സസൂക്ഷ്മം വിലയിരുത്തുകയും പ്രോൽസാഹനവും തിരുത്തലും നൽകുകയും ചെയ്തുകൊണ്ട് മുന്നിൽ നിന്ന് നയിക്കണം. അവരുടെ കഴിവുകൾ നമ്മുടെ ചിന്തകൾക്കനുസരണമല്ലെങ്കിലും അവർ ആ കഴിവിൽ നിന്നുകൊണ്ട് ഉയരങ്ങൾ കീഴടക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും തെറ്റുകൾ തിരുത്തുകയും വേണം.

ഇന്ത്യയുടെ മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൽകലാം പറഞ്ഞതുപോലെ കുട്ടികളെ സ്വപ്നം കാണുവാൻ പഠിപ്പിക്കണം. അവരുടെ ഭാവനയെ വളർത്തണം. കൊച്ചു കുഞ്ഞുങ്ങളായിരിക്കുമ്പോൾ അവരെ താരാട്ട് പാടിയുറക്കുമ്പോൾ താളത്തിനനുസരിച്ച് അവരുടെ ശരീരത്തിൽ തട്ടുമ്പോൾ അവരുടെയുള്ളിൽ കലാബോധം വളരുകയാണ്. അൽപ്പം മുതിർന്നു കഴിയുമ്പോൾ കഥകൾ പറഞ്ഞ് കേൾപ്പിക്കണം. അവരുടെ ഉള്ളിലെ ഭാവനയെ വളർത്താൻ കഥകൾ വലിയ പങ്കു വഹിക്കും. എന്റെ ചെറുപ്പത്തിൽ എന്റെ അനുജനെ ഉറക്കുന്നതിനായി അച്ചായൻ കഥ പറഞ്ഞു കൊടുക്കുമ്പോൾ അച്ചായന്റെ പിന്നിൽ വന്ന് ഞാനും കിടക്കും കഥ കേൾക്കാൻ. അപ്പോൾ അച്ചായൻ എന്നോടു പറയും:

"നീ എന്തു കേൾക്കാനാടാ ഇവിടെ വന്ന് കിടക്കുന്നത്. ഞാൻ ഓരോ പൊട്ടക്കഥ പറയുന്നത് കേട്ടാൽ നിനക്കെന്താ പ്രയോജനം."

എന്നാലും പിന്നെയും ഞാൻ കഥ കേൾക്കാൻ പോകും. ഇന്നും എനിക്കു കഥ കേൾക്കാൻ ഇഷ്ടമാണ്.

"ഇന്ന് ആർക്കാണ് കഥ ഇഷ്ടമല്ലാത്തത്. ഏത് പ്രായത്തിലുള്ളവരും കഥകൾ ഇഷ്ടപ്പെടും."

കുട്ടികളെ പ്രകൃതിയോട് ബന്ധപ്പെടുത്തി വളർത്തണം. എപ്പോഴും വീടിനുള്ളിൽത്തന്നെ അടച്ചിട്ടിരുത്തരുത്. അവന്റെ വ്യക്തിത്വം വളർന്ന് ഈ ഭൂമിയിൽ പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നതിന് അവനെ വീടിനു പുറത്തെ കാഴ്ചകൾ കാട്ടിക്കൊടുക്കണം.

ഉദാഹരണത്തിന് ഒരു തള്ളക്കോഴി തന്റെ കുഞ്ഞുങ്ങളുമായി പറമ്പിലൂടെ നടക്കുന്നത് ഒരു കുട്ടി കാണുമ്പോൾ അവനെന്തെല്ലാം മനസ്സിലാക്കുന്നു:

1). പ്രകൃതിയിൽ അവനും സഹജീവികൾക്കും ഉപജീവനത്തിനുള്ള വകയുണ്ട്.

2). അധ്വാനിച്ചു ജീവിക്കണം.

3). തള്ളക്കോഴി കുഞ്ഞുങ്ങൾക്ക് ചികഞ്ഞിട്ട് കൊടുക്കുന്നതുപോലെ ഞാൻ എനിക്കുവേണ്ടി മാത്രമല്ല മറ്റുള്ളവർക്കുവേണ്ടിയും അദ്ധ്വാനിക്കണം.

എന്നിങ്ങനെയുള്ള ബോധ്യം അവനുണ്ടാകും. വിധിയെ വെല്ലുവിളിച്ചുകൊണ്ട് ഇഛാശക്തിയോടെ പ്രതിസന്ധികളെ തരണം ചെയ്ത് മുന്നേറുവാൻ മാതാപിതാക്കൾ മക്കളെ പ്രോത്സാഹിപ്പിക്കണം. വെല്ലുവിളിയുടെ മുൻപിൽ ലക്ഷ്യബോധം കൈവിട്ട് പോകാതിരിപ്പാൻ മാതാപിതാക്കൾ മക്കളെ ശക്തിപ്പെടുത്തണം.

സമാധാനപരമായ കുടുംബജീവിതത്തിനായി പരസ്പര സ്നേഹത്തിലും ഐക്യത്തിലുമുള്ള കുടുംബം രൂപപ്പെടുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. ആരോഗ്യപരമായ മത്സരവും ആശയ വിനിമയവും തുറവിയും കുടുംബത്തിലുണ്ടാകണം. സ്ഥിരം വഴക്കടിക്കുന്ന കുടുംബത്തിൽ വളരുന്ന കുട്ടികളിൽനിന്നും നന്മ പ്രതീക്ഷിക്കുവാൻ നമുക്ക് അർഹതയില്ല. പരസ്പരം ബഹുമാനത്തോടെ പെരുമാറുവാനും സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുവാനും സമാധാനകാംക്ഷികളാകുവാനും കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുവാൻ മാതാപിതാക്കൾക്ക് കടമയുണ്ട്. അങ്ങനെയുള്ള കുട്ടികൾ വളരുമ്പോൾ ഭാവിയിൽ സമൂഹത്തിലെ ഉത്തമ പൗരന്മാരായിത്തീരും. ജ്യോതിർഗമയ! (വെളിച്ചമെ നയിച്ചാലും) എന്നതുപോലെ ലക്ഷ്യബോധമുള്ള മാതാപിതാക്കൾ കുട്ടികളുടെ മുമ്പിൽ വെളിച്ചമായി നിന്നുകൊണ്ട് അവരെ നയിക്കണം.

**നിങ്ങളുടെ മക്കളിൽനിന്ന് നിങ്ങൾ എന്താണ് പ്രതീക്ഷിക്കുന്നത്?**

എല്ലാ മാതാപിതാക്കളും തങ്ങളുടെ മക്കൾ ഏറ്റവും ഉന്നതരും ശ്രേഷ്ഠരും സമ്പന്നരും ജ്ഞാനികളും ആകണമെന്ന് ആഗ്രഹിക്കുന്നവരാണ്. എന്നാൽ മക്കൾക്ക് എല്ലായ്പ്പോഴും മാതാപിതാക്കളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരുവാൻ കഴിഞ്ഞെന്ന് വരികയില്ല. അങ്ങനെയുള്ള അവസരത്തിൽ നിങ്ങൾ എന്താണ് ചെയ്യുന്നത്?

അച്ചന്റെ അപ്രതീക്ഷിതമായ ചോദ്യം കേട്ട് എല്ലാവരും അമ്പരന്നുവെങ്കിലും ഒരു മുതിർന്ന പിതാവും ഹൈസ്കൂൾ അദ്ധ്യാപകനുമായ ടോമിസാർ പറഞ്ഞു.

"Compromise- വിട്ടുവീഴ്ചയല്ലാതെ മറ്റ് മാർഗ്ഗങ്ങളൊന്നുമില്ല. സ്കൂളിൽ കുട്ടികളുടെ മുമ്പിൽ അദ്ധ്യാപകർ വിട്ടുവീഴ്ചക്കു തയ്യാറാകുന്നതും ഈ Compromise- മനോഭാവം കൊണ്ടാണ്".

Correct; ടോമി സാർ തന്റെ അദ്ധ്യാപന പരിചയം കൊണ്ടുകൂടിയാണ് ഈ പ്രായോഗികവശം പറഞ്ഞത്. Compromise- നു തയ്യാറാകണം. കുട്ടികൾ വളർന്നു വരുമ്പോഴാണ് അവരുടെ ശക്തിയും ദൗർബല്യവും നാം തിരിച്ചറിയുന്നത്. അതനുസരിച്ച് നമ്മുടെ സമീപനവും മാറണം. അല്ലാതെ നമ്മുടെ പ്രതീക്ഷയ്ക്കനുസരിച്ച് മാത്രമെ മക്കൾ പ്രവർത്തിക്കാവൂ എന്ന് ശഠിക്കരുത്. എത്രയായാലും മക്കളുടെ ഉയർച്ചയെക്കുറിച്ച് നമുക്ക് വിവിധ പ്രതീക്ഷകളുണ്ടാകുന്നത് നമ്മുടെ കുറ്റമല്ല; അവകാശമാണ്. അങ്ങനെയുള്ള പ്രതീക്ഷകൾ എന്തൊക്കെയായിരിക്കാമെന്ന് നമുക്ക് പരിശോധിക്കാം. നിങ്ങൾക്ക് അവസരം തരുന്നു.

ഓരോരുത്തരായി അവരുടെ മക്കളെക്കുറിച്ചുള്ള പ്രതീക്ഷകൾ പറഞ്ഞു തുടങ്ങി.

1. അവർ വിശ്വസ്ഥരും ഉത്തരവാദിത്വബോധമുള്ളവരും ആയിരിക്കണം.

2. ഏറ്റവും നല്ലത് തെരഞ്ഞെടുക്കുവാൻ പ്രാപ്തരായിരിക്കണം.

3. സമ്മർദ്ദങ്ങളെയും ഉൽക്കണ്ഠകളെയും അതിജീവിക്കുവാൻ ശക്തരായിരിക്കണം.

4. എപ്പോഴും സന്തോഷഭരിതരായിരിക്കണം.

5. കഠിനാദ്ധ്വാനികളും ഊർജ്ജസ്വലരും സമർത്ഥരുമായിരിക്കണം.

6. സഹജീവികളോട് അനുകമ്പയുള്ളവരായിരിക്കണം.

7. സമർത്ഥമായി പ്രശ്നപരിഹാരം നടത്തുന്നവരായിരിക്കണം.

8. സാമ്പത്തിക അച്ചടക്കമുള്ളവരാകണം. ദുർവ്യയം ചെയ്യുന്നവരാകരുത്. എന്നാൽ അമിത പിശുക്കുള്ളവരുമാകരുത്.

9. അച്ചടക്കവും ആരോഗ്യവും ഉള്ളവരാകണം

10. ശരിയായ വിദ്യാഭ്യാസം കൈവരിക്കണം

11. ആത്മവിശ്വാസവും ആത്മനിയന്ത്രണവുമുള്ളവരാകണം.

12. ശരിയായ വിധത്തിൽ ആശയ വിനിമയം ചെയ്യുവാൻ കഴിവുള്ളവരാകണം.

13. മറ്റുള്ളവരെ ആദരിക്കുന്ന നല്ല വ്യക്തിത്വത്തിനുടമകളാകണം.

14. സാമൂഹിക പ്രതിബദ്ധതയുള്ളവരാകണം.

15. നല്ല സുഹൃദ്ബന്ധം കാത്തുസൂക്ഷിക്കുന്നവരാകണം.

ഓരോരുത്തരായി അവരുടെ പ്രതീക്ഷകൾ പറഞ്ഞു കഴിഞ്ഞപ്പോൾ അച്ചൻ ചോദിച്ചു:

ഈ പതിനഞ്ചു ഗുണവിശേഷങ്ങളുമുള്ള മക്കളുള്ള ഏതെങ്കിലും മാതാപിതാക്കളുണ്ടോ?

"ഇല്ല". എല്ലാവരുംകൂടി പറഞ്ഞു. അവിടെയാണ് Compromise- ന് പ്രസക്തി. ഈ ഗുണങ്ങളിൽ എത്ര ഗുണങ്ങൾ നിങ്ങളുടെ മക്കളിൽ ഉണ്ടെന്ന് നിങ്ങളൊന്ന് പരിശോധിക്കുക. ഇവയൊക്കെ നിങ്ങൾ പറഞ്ഞ സവിശേഷതകളാണ്. മറ്റാരോടെങ്കിലും ചോദിച്ചാൽ വേറെയും ഗുണവിശേഷങ്ങൾ അവർ പറയും. ഇവയൊക്കെ നമ്മുടെ പ്രതീക്ഷകളാണ്. അവയെല്ലാം നിങ്ങളുടെ മക്കളിൽ ഉണ്ടായിരിക്കണമെന്ന് വാശി പിടിക്കരുത്. അവരുടെ വ്യക്തിത്വത്തിന്റെ വികസനത്തിനായി പരിശ്രമിക്കണം. അല്ലാതെ നമ്മുടെ പ്രതീക്ഷകൾ അവരിൽ അടിച്ചേൽപ്പിക്കരുത്.

നമ്മുടെ പ്രതീക്ഷകൾ മക്കളോട് പങ്കുവയ്ക്കുന്നത് നല്ലതാണ്. ഉപദേശങ്ങളെക്കാൾ ദൃഷ്ടാന്തങ്ങളാണാവശ്യം. നമ്മൾ പറയുന്നത് ഇപ്പോൾ അവർക്ക് മനസ്സിലാകില്ലെങ്കിലും പിന്നീട് അവർ സാഹചര്യങ്ങൾക്കനുസരണം നമ്മുടെ നിർദ്ദേശങ്ങളെ നമ്മുടെ അഭാവത്തിലും അവർ പ്രായോഗിക തലത്തിൽ കൊണ്ടുവരും.

"അച്ചോ ഞാനും ഭർത്താവും മക്കളെ ചെറിയ പ്രായം മുതൽ അടുക്കും ചിട്ടയും പഠിപ്പിച്ചാണ് വളർത്തിയത്. ഒരു

വീട്ടിൽ അനുവർത്തിക്കേണ്ട എല്ലാ ചിട്ടകളും ഞങ്ങൾ അവരെ പഠിപ്പിച്ചിട്ടുണ്ട്. അവർ 16 ഉം 18 ഉം വയസ്സുള്ള രണ്ട് ആൺ മക്കളാണ്. എന്നാൽ ഇപ്പോഴും അവർ കിടക്കയിൽ നിന്നേഴുന്നേൽക്കുമ്പോൾ ബെഡ്ഷീറ്റ് മടക്കി വയ്ക്കുകയോ സ്കൂളിൽ നിന്നും വരുമ്പോൾ യൂണിഫോം അഴിച്ച് വച്ചിട്ട് ഭക്ഷണം കഴിക്കുകയോ ചെയ്യില്ല. ഇത്രയൊക്കെ പഠിപ്പിച്ചിട്ടും തികച്ചും അച്ചടക്കമില്ലാതെയാണ് വരുന്നത്. പറഞ്ഞു പറഞ്ഞു മടുത്തു".

മഞ്ജുവിന്റെ പരാതി കേട്ട് എല്ലാവരും ചിരിച്ചു.

"ആരും ചിരിക്കേണ്ട. പല മാതാപിതാക്കളെയും പ്രതിനിധീകരിച്ചാണ് മഞ്ജു പറഞ്ഞത്. നിങ്ങളുടെയൊക്കെ വീടുകളിൽ ഇങ്ങനെയുള്ള വിഷയങ്ങൾ ഉണ്ടെന്ന് എനിക്ക് നന്നായി അറിയാം. മഞ്ജു വിഷമിക്കേണ്ട. നിങ്ങൾ പറയാനുള്ളതൊക്കെ പറഞ്ഞിട്ടുണ്ട്. നിങ്ങൾ പറഞ്ഞു പറഞ്ഞു മടുത്തതുപോലെ അവർ കേട്ടു കേട്ടു മടുത്തുകാണും. എന്നാൽ അവർ അതിനൊന്നും അത്രയ്ക്ക് പ്രാധാന്യം കൊടുത്തു കാണില്ല. എന്നാൽ അവർ പ്രായമാകുമ്പോൾ ഒരു പക്ഷെ തനിയെ താമസിക്കേണ്ട സാഹചര്യം ഉണ്ടാകുമ്പോൾ മഞ്ജുവും ഭർത്താവും പറഞ്ഞതൊക്കെ ഓർക്കുകയും ഒരു പക്ഷെ അവയൊക്കെ ആ അവസരത്തിൽ അവർ പ്രാവർത്തികമാക്കുകയും ചെയ്തേക്കാം. ശുഭ പ്രതീക്ഷയോടെ കാത്തിരിക്കുക മാത്രം. ഇനിയും പറഞ്ഞ് മുഷിയാതിരിക്കുക. മഞ്ജുവിനെ ഞാൻ അഭിനന്ദിക്കുന്നു. ഇങ്ങനെയൊരു പ്രശ്നം പറയുവാൻ മഞ്ജു തയ്യാറായതുകൊണ്ടാണ് എനിക്കിത് പറയാൻ കഴിഞ്ഞത്."

അച്ചൻ പറഞ്ഞു നിർത്തിയപ്പോൾ എല്ലാവരും മഞ്ജുവിനുവേണ്ടി ഒരു കൈയ്യടി പാസ്സാക്കി.

ഏറ്റവും നല്ല വ്യക്തിത്വത്തിന് ഉടമകളായിത്തീരാൻവേണ്ടി അഥവാ നല്ല പൗരന്മാരാകുവാനാണ് മാതാപിതാക്കൾ മക്കളെ വളർത്തുന്നത്. എന്നാൽ അവരുടെ പരിധികളും പരിമിതികളും കൂടി നാം കണക്കിലെടുക്കണം. അവരുടെ മുൻപിൽ നല്ല മാതൃകകളാകുവാൻ നമുക്ക് കഴിയണം. സവിശേഷഗുണങ്ങൾ നമ്മുടെ വീടുകളിൽ ചർച്ചയാകണം. സത്യസന്ധതയെക്കുറിച്ച് പഠിപ്പിക്കുന്ന മാതാപിതാക്കൾ നിസ്സാര കാര്യങ്ങൾക്ക് കള്ളം പറയുന്നത് മക്കൾ കേട്ടാൽ നമ്മുടെ ഉപദേശത്തിന് എന്തു വിലയാണുള്ളത്. നമ്മൾ മാതൃകാദോഷമാകരുത്. പറയുന്നത് പ്രവർത്തിക്കുക. പ്രവർത്തിക്കാവുന്നതെ പറയാവൂ. *(തുടരും)*

# നവാഭിഷിക്തരായ ശെമ്മാശന്മാർ

## (കോറൂയോ എവ്ഫദ്യക്നോ പട്ടം സ്വീകരിച്ചു)





ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ഇടവകയിൽ വരാച്ചേരിൽ പുത്തൻപറമ്പിൽ ബിനോയി ഏബ്രഹാമിന്റെയും ലിനു ഏബ്രഹാമിന്റെയും മകൻ **ഡീക്കൻ ബിൻസു ഏബ്രഹാം** 2021 മാർച്ച് 10 ന് ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭി. മോർ സേവേറിയോസ് കുറിയാക്കോസ് മെത്രാപ്പോലീത്തായിൽ നിന്നും എവ്ഫദ്യക്നോ പട്ടം സ്വീകരിച്ചു. ശെമ്മാശൻ മുളന്തുരുത്തി വൈദിക സെമിനാരിയിൽ അവസാനവർഷ വിദ്യാർത്ഥിയാണ്.

ചാന്നാനിക്കാട് സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ കെ. ടി. ബേബിയുടെയും മിനി ബേബിയുടെയും മകൻ **ഡീക്കൻ ചിക്കു ബേബി** 2021 മാർച്ച് 10 ന് ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭി. മോർ സേവേറിയോസ് കുറിയാക്കോസ് മെത്രാപ്പോലീത്തായിൽ നിന്നും എവ്ഫദ് യക്നോ പട്ടം സ്വീകരിച്ചു. ശെമ്മാശൻ മുളന്തുരുത്തി വൈദിക സെമിനാരിയിൽ അവസാന വർഷ വിദ്യാർത്ഥിയാണ്.

# പരീക്ഷയും ആശങ്കകളും ഉപരിപഠനവും



**അനിൽ ബോസ്. എ**
**ട്രയിനർ (അക്രഡിറ്റഡ്) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്**
**കേരള സർക്കാർ തിരുവനന്തപുരം, ഫോൺ : 9447358647**

വിദ്യാഭ്യാസ സമൂഹം വീണ്ടും ഒരു പരീക്ഷക്കാലത്തിലേക്ക് പോകുകയാണ്. തികച്ചും വ്യത്യസ്തമായ ഒരു വർഷം ആണ് കടന്നു പോയത്. ക്ലാസുകളും കൂടിച്ചേരലുകളും ഇല്ലാതെയുള്ള കാലത്തിലൂടെയാണ് പോയത്. അലസമായ ജീവിതത്തിൽ നമുക്ക് കൃത്യമായ ഒരു ടൈം മാനേജ്മെന്റ് ആവശ്യമാണ്. 24 മണിക്കൂർ സമയം ആണ് എല്ലാവർക്കും അനുവദിച്ചിട്ടുള്ളത്. അതിനെ ഫലപ്രദമായി ഉപയോഗിച്ചിട്ടുള്ളവരാണ് ജീവിതത്തിൽ വിജയിച്ചിട്ടുള്ളത്. ജീവിത വിജയത്തിന് കുറുക്കുവഴികളില്ല. സ്ഥിരോത്സാഹവും കഠിന പ്രയത്നവുമാണ് വിജയത്തിന്റെ ചവിട്ടുപടികൾ. കൃത്യമായ സമയക്രമം പാലിച്ച് പഠനവും വിനോദങ്ങളും ഒരേ പോലെ മുൻപോട്ട് കൊണ്ടുപോകണം.

**ഉറക്കം**

ആരോഗ്യം ഉള്ള ശരീരത്തിന് കാര്യമായ ഉറക്കം ആവശ്യമാണ്. ആരോഗ്യകരമായ ഉറക്കത്തിന്റെ ഗുണഫലങ്ങളെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടുകൂടി World Sleep Society - ലോകനിദ്രാദിനം തന്നെ ആചരിക്കുന്നുണ്ട് .

പരീക്ഷക്കാലത്ത് മാനസിക പിരിമുറുക്കം കുറയ്ക്കുവാൻ വേണ്ടി പോസിറ്റീവ് ചിന്താഗതികൾ ആവശ്യമാണ്. അവനവനോട് തന്നെ പോസിറ്റീവ് ആയി സംസാരിക്കേണ്ടതുണ്ട്. എപ്പോഴും നല്ല ജീവിതമൂല്യങ്ങളിൽ അടിസ്ഥാനമായ ചിന്തകളാണ് നമ്മുടെ മനസ്സിലൂടെ കടന്നുപോകേണ്ടത്. നമ്മുടെ കഴിവിനേയും കഴിവുകേടിനേയും കുറിച്ച് കൃത്യമായ ധാരണ നമുക്ക് ഉണ്ടായിരിക്കണം. ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തി എടുക്കണം. മോശമായ ഓർമ്മകളെ മനസ്സിൽ നിന്നും ഒരു പടി അകലത്തിൽ നിർത്തണം.

പന്ത്രണ്ടാം ക്ലാസ് പരീക്ഷയ്ക്ക് തയ്യാറാകുന്നവർക്ക് കൃത്യമായ ഉപരിപഠന ലക്ഷ്യം ഉണ്ടായിരിക്കണം. വരുന്ന അഞ്ചു വർഷത്തെക്കുറിച്ച് ഒരു പ്ലാനിംഗ് ഉണ്ടായിരിക്കണം. ഉപരിപഠനത്തിന് തനിക്ക് ഏറ്റവും അനുയോജ്യമായ കോഴ്സ് ഏതെന്ന് മുൻകൂട്ടി മനസ്സിലാക്കിയിരിക്കണം. മുൻഗണനാ ക്രമത്തിൽ മൂന്ന് ഉപരിപഠന സാധ്യതകളെ ലിസ്റ്റ് ചെയ്യണം. ആവശ്യമെങ്കിൽ കരിയർ കൗൺസിലർമാരുടെ സഹായം തേടാവുന്നതാണ്. എതു തരത്തിലുള്ള ജോലിയാണ് തനിക്ക് അനുയോജ്യമെന്ന് മനസ്സിലാക്കി വേണം കോഴ്സ് തിരഞ്ഞെടുക്കാൻ. സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് വിദ്യാർത്ഥികൾക്കായി നിരവധി മേഖലകളാണ് ഉപരിപഠനത്തിനുള്ളത്. മാർക്കടിസ്ഥാനത്തിലല്ല, പ്രവേശനപരീക്ഷയുടെ അടിസ്ഥാനത്തിൽ ആണ് പലതിനും പ്രവേശനം. മുൻകൂട്ടി അപേക്ഷകൾ നൽകാവുന്നതായ പല കോഴ്സുകളും ഉണ്ട്.

ഫീസ് പലപ്പോഴും പലവിധ സ്കോളർഷിപ്പ് വഴി അടയ്ക്കാൻ സാധിക്കുന്നതാണ്. സർക്കാർ തന്നെ ജാതി, മത വിഭാഗങ്ങൾക്കായി വിവിധ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ രാജ്യത്തെ പല സ്വകാര്യ സ്ഥാപനങ്ങളും, പൊതുമേഖലാ സ്ഥാപനങ്ങളും വിവിധ തരത്തിലുള്ള സ്കോളർഷിപ്പുകൾ നല്കുന്നുണ്ട്.

ആശങ്കകൾ അകറ്റി കൃത്യമായ ഉപരിപഠന സാധ്യതകൾ മനസ്സിലാക്കി പ്രവേശനം നേടി അർഹതപ്പെട്ട സ്ഥാനത്ത് എത്തിച്ചേരുമ്പോഴാണ് ജീവിതവിജയം കൈവരിക്കുന്നത്. ●





# ഏവൻഗേലിയോൻ ദീപം

**ഫാ. ജേക്കബ് റ്റി.ഐ. തുരുത്തിക്കോണത്ത്**

**പുതുഞായറിനുശേഷം ഒന്നാം ഞായർ 18/04/2021**
**യോഹന്നാൻ. 21:1–14**

യേശു ഉയിർത്തെഴുന്നേറ്റതിന്റെ ശേഷം മൂന്നാം പ്രാവശ്യം ശിഷ്യർക്ക് പ്രത്യക്ഷനാകുന്ന വിവരണമാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഇതിലൂടെയും യേശു മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്ന് വ്യക്തമാകുന്നു. ഒരു ശിഷ്യന്റെ ധന്യതയെന്നത് യേശുവിനോടുള്ള ബന്ധത്തിൽ മാത്രമാണ് ലഭിക്കുന്നതെന്ന തത്വം ഇവിടെ വെളിപ്പെടുത്തുന്നു. യോഹന്നാൻ 15:5 "എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴികയില്ല.'' ആഴിയും, അതിന്റെ ആഴവും അതിലെ മത്സ്യ സമ്പത്തും അറിയുന്ന ശിഷ്യന്മാർ രാത്രി മുഴുവൻ അദ്ധ്വാനിച്ചു. പക്ഷേ അവർക്ക് ഒന്നും ലഭിക്കുന്നില്ല. പുലർച്ചെ യേശു അവരുടെ അദ്ധ്വാന രംഗത്തേക്കു കടന്നുവന്നു. അവൻ പറഞ്ഞ പ്രകാരം അവർ വലയെറിയുകയും മത്സ്യംകൊണ്ട് വല നിറയുകയും ചെയ്തു. നമ്മുടെ പ്രവർത്തനങ്ങളെ സസൂക്ഷ്മം വീക്ഷിച്ചുകൊണ്ട് നമ്മുടെ ജീവിത കടൽക്കരയിൽ എപ്പോഴും നിലകൊള്ളുന്നവനാണ് യേശു. യേശുവിന്റെ വാക്കുകൾക്ക് ചെവി കൊടുത്തപ്പോൾ അവരുടെ അദ്ധ്വാനത്തിന് ഫലം കണ്ടു.

യേശുവിന്റെ മരണശേഷം ഭയചകിതരായ ശിഷ്യർ യേശുവിൽ നിന്ന് ഓടിമാറി സ്വയമായ ഒളിവിടങ്ങളും മേച്ചിൽപ്പുറങ്ങളും പ്രവർത്തന മേഖലകളും തേടി. അവർ ദൈവരാജ്യത്തിന്റെ അത്ഭുത വചനങ്ങളിലേക്ക് നയിക്കപ്പെട്ടവരാണെങ്കിലും അവരുടെ മുമ്പിലത്തെ ജീവിതത്തിലേക്ക് അവർ വഴുതി മാറുന്നു. സകലവും ഉപേക്ഷിച്ച്, ക്രിസ്തുവിനോട് ചേർന്ന ശിഷ്യർ അവരുടെ നാഥനെ ഉപേക്ഷിച്ചു യാത്ര ചെയ്തപ്പോഴും അവരിൽ കരുണയുടെ സന്ദേശവുമായി എത്തുന്ന ക്രിസ്തു ഇവിടെ പ്രത്യക്ഷപ്പെടുന്നു. തന്റെ സ്വന്തമായിരുന്നവർ തന്നിൽനിന്ന് അകലങ്ങളിലേക്ക് നീങ്ങിയപ്പോളും അവരുടെ രൂപാന്തരം ആഗ്രഹിക്കുന്ന കരുണാമയനായ യേശുവിന്റെ ആഗ്രഹത്തെ സഫലീകരിക്കുമ്പോഴാണ് നമ്മുടെ ശിഷ്യത്വം നാം ഉറപ്പിക്കുന്നത്. ആ കരുണാമയനായ യേശുവിങ്കലേക്ക് നമ്മുടെ ജീവിതങ്ങളെ സമർപ്പിക്കാനുള്ള ഒരുക്കം നമുക്കുണ്ടാകണം.

ഈ സംഭവത്തിലൂടെ ഓർപ്പിക്കുന്ന മറ്റൊരു ദർശനം ശിഷ്യർ ധന്യരാക്കപ്പെടുന്നത് യേശുവിന്റെ സാന്നിദ്ധ്യത്തിലൂടെയും, അവന്റെ കല്പനയുടെ പ്രമാണത്തിലൂടെയുമാണ് എന്നതാണ്. ക്രിസ്തുവിനെ വിട്ട് സ്വയമായ വഴികളിൽ അലയുന്ന അവരുടെ പ്രവർത്തനം വ്യർത്ഥാവിലേക്ക് മാത്രമെ നയിക്കുന്നുള്ളു. ഇതിലൂടെ ക്രിസ്തു ശിഷ്യന്റെ ജീവിത സ്വാതന്ത്ര്യത്തിന്റെ അതിർ വരമ്പുകൾ നിർവചിക്കുകയാണ്. ശിഷ്യർക്ക് സ്വന്തമായ ജീവിത ശൈലി തുടരുവാനുള്ള അനുവാദമില്ലാ, പിന്നയോ ക്രിസ്തുവിന്റെ ജീവിത ശൈലിയെ പിൻതുടരുക എന്നതാണ് ശിഷ്യനിൽ നിന്ന് യേശു ആഗ്രഹിക്കുന്നത്.

കർത്താവ് പറഞ്ഞു നിങ്ങൾ പടകിന്റെ വലതുവശത്തു വീശണം. അവർ കർത്താവിനെ അനുസരിച്ചു, അവനോടു ചേർന്നുനിന്നു, പ്രവർത്തിച്ചു, ഫലമോ! 153 വലിയ മത്സ്യങ്ങളുടെ ശേഖരം. ഈ ലോകത്തിന്റെ കെട്ടുപാടിൽനിന്നു വിമുക്തരായി ഹൃദയത്തെ ശുദ്ധീകരിച്ചാലെ യേശു അവിടെ വസിക്കു. ക്രിസ്തുവിന്റെ കല്പനകളെ നിവർത്തിക്കുന്നതിലൂടെയാണ് ഈ ജീവിത ശൈലിയെ പ്രാപിക്കുവാൻ ഓരോരുത്തർക്കും സാധ്യമാകുന്നത്. ക്രിസ്തു ശിഷ്യരായ നമുക്ക് സ്വന്തം തീരുമാനങ്ങളിൽനിന്നും, പ്രവർത്തന പന്ഥാവിൽനിന്നും, ക്രിസ്തു മാർഗ്ഗത്തിലേക്ക് എത്താനുള്ള ആഹ്വാനം ഇവിടെ ഉണ്ടാകുന്നു. ലോകത്തിനു സാത്താനിൽനിന്നും സ്വാതന്ത്ര്യം നൽകാനായി അവതരിച്ച യേശു, കരുണയോടെ ഓരോ വ്യക്തിയേയും തന്നിലേക്ക് ആകർഷിച്ച് സ്വീകരിച്ച്, അവന്റെ കല്പനകളെ പാലിക്കുന്നതിലൂടെ നമ്മുടെ ജീവിതം ധന്യമാക്കട്ടെ.

**പുതുഞായറിനുശേഷം രണ്ടാം ഞായർ 25/04/2021**
**യോഹന്നാൻ. 4:31–38**

യേശുവും ശിഷ്യന്മാരുമായുള്ള ഒരു സംഭാഷണമാണിത്. ശമര്യാക്കാരി സ്ത്രീയുമായുള്ള സംസാരത്തെത്തുടർന്ന് തന്റെ നിയോഗത്തെക്കുറിച്ച് യേശു ശിഷ്യരെ പഠിപ്പിക്കുന്നു. പ്രസ്തുത വചനഭാഗത്തിലൂടെ യേശുതമ്പുരാൻ വ്യക്തമാക്കുകയാണ് 'ദൈവത്തിന്റെ ഹിതത്തിന് പ്രാധാന്യം നൽകി ജീവിക്കണമെന്ന്? ദൈവത്തിന് നമ്മെക്കുറിച്ചുള്ള ആഗ്രഹം നമ്മുടെ ശുദ്ധീകരണമാണ്. 1 തെസ്സലോനീക്യർ 4:3 "ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ".

ഇവിടെ യേശുക്രിസ്തു തന്റെ ദൗത്യനിർവ്വഹണത്തിൽ നൽകുന്നതായ വലിയ സാക്ഷ്യമിതാണ് "എന്റെ ആഹാരം എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യുകയും അവന്റെ പ്രവർത്തി തികയ്ക്കുകയുമാണ്". ഈ ദൗത്യം തുടരുവാൻ ശിഷ്യന്മാരെ നിയോഗിക്കുമ്പോൾ തങ്ങളുടെ ഇഷ്ടവും പ്രവർത്തിയുമല്ല, മറിച്ച് ദൈവ ഇഷ്ടവും പ്രവർത്തിയും നിറവേറ്റുന്ന സാക്ഷ്യമുള്ളവരായിരിപ്പാൻ ആഹ്വാനം ചെയ്തു. ഈ ആഹ്വാനം സഭയും സഭയുടെ ശുശ്രൂഷകരും തുടരേണ്ടതാകുന്നു. അപ്പോഴാണ് ക്രീസ്തീയ സാക്ഷ്യം സഭയിലൂടെ ജീവിക്കുന്നതാകുന്നത്.

ഈ വേദഭാഗത്തിൽ വിശ്വാസിയുടെ നിയോഗത്തെക്കുറിച്ചുള്ള ദർശനങ്ങൾ ലഭ്യമാകുന്നു, ദൈവഹിതത്തെ നിവൃത്തികരിക്കുവാൻ വിളിക്കപ്പെട്ടവനാണ് വിശ്വാസി. ദൈവഹിതത്തെ നിവൃത്തീകരിക്കുകയെന്നത് യേശുവിന്റെ ജീവിതോദ്ദേശ്യമാകയാൽ വിശ്വാസിയുടെ നിയോഗവും യേശുവിന്റെ പ്രവൃത്തികളെ നിവർത്തീകരിക്കുവാനായി ജീവിക്കുക എന്നതാണ്. സ്വാർത്ഥതകൾ സംരക്ഷിച്ച് ജീവിച്ച് തീർക്കുവാനുള്ളതല്ല നമ്മുടെ ജീവിതം, പിന്നയോ ദൈവഹിതം നിറവേറ്റി ദൈവത്തെ മഹത്വപ്പെടുത്തുവാനുള്ളതാണ്. ഇവിടെ പ്രസക്തമായുള്ളത് നാം എത്രകാലം ജീവിച്ചു എന്ന

തല്ല, എങ്ങനെ ദൈവഹിതത്തെ നിവൃത്തീകരിച്ച് ജീവിച്ചു എന്നതാണ്.

ഓരോ ജീവിതവും ഭൂമിയിൽ ആകസ്മികമായി ഉണ്ടാകപ്പെടുകയല്ല, ദൈവഹിതത്തിന്റെ പൂർത്തീകരണത്തിനായി ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. ശമര്യക്കാരി സ്ത്രീക്ക് ഒരു ദേശത്തിന്റെ സാക്ഷിയാകുവാനുള്ള പദ്ധതികളാണ് ദൈവം നൽകിയത്. ശമര്യയിലൂടെ യേശു യാത്ര ചെയ്തതും അവളുമായി സംസാരിക്കുവാൻ തുനിഞ്ഞതുമെല്ലാം അവളിലൂടെ ദൈവഹിതം പ്രാവർത്തികമാക്കുവാനുള്ള ശ്രമമായിരുന്നു. ആ നിയോഗം ഏറ്റെടുത്ത അവൾ ശ്രേഷ്ഠയായിത്തീർന്നു. നമ്മുടെ ജീവിതത്തിലും മഹത്തായ പദ്ധതികൾ ദൈവം ആവിഷ്കരിച്ചിട്ടുണ്ട്. ഓരോ വിശ്വാസിയും ജീവിക്കുന്നത് തങ്ങൾക്കായിട്ടല്ല മറിച്ച് ദൈവഹിതത്തിന്റെ പൂർത്തീകരണം തന്നിലൂടെ നിറവേറ്റുവാനായിട്ടാണ് എന്ന ബോധത്തോടെയും ബോധ്യത്തോടെയും പ്രവർത്തിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

വിശ്വാസിയുടെ മറ്റൊരു നിയോഗമെന്നത് സുവിശേഷത്തിന്റെ സാധ്യതകളെ പരിപോഷിപ്പിക്കുകയാണ്. ഇത് സൂചിപ്പിക്കുന്നത് വിളവായി തീരുവാൻ അഥവാ ഫലം കായിക്കുവാൻ വിശ്വാസി വിളിക്കപ്പെട്ടിരിക്കുന്നു എന്നാണ്. വിളവിന്റെ അനുഭവത്തിലേക്ക് പ്രവേശിക്കുവാൻ മാത്രമല്ല അതിനെ ചെയ്യുവാനുള്ള സാധ്യതയ്ക്കായും യേശു വിശ്വാസിയെ ക്ഷണിക്കുന്നു. ശമര്യാ ദേശത്തെ തന്നിലേക്ക് ആകർഷിക്കുവാൻ യേശു സാധ്യതകൾ കണ്ടത് അവളിലാണ്. യേശു ശ്രദ്ധിച്ചത് അവളിലെ അപൂർണ്ണതകളെയല്ല സാധ്യതകളെയാണ്.

അവൾക്ക് അഞ്ച് മണവാളന്മാർ മുമ്പ് ഉണ്ടായിരുന്നു. അവരൊക്കെ അവളിലെ ഭൗതിക സാധ്യതകളെ ആരാഞ്ഞവരാണ്. ആറാമത്തെ മണവാളനായ ക്രിസ്തു അവളുടെ ഹൃദയത്തിന്റെ ഉൾത്തടങ്ങളിലേക്ക് പ്രവേശിക്കുന്നു. അവളിൽ ഉണ്ടായിരുന്ന സകല ഭൗതിക ആശകളെയും പരിസമാപ്തിയിലേക്ക് സന്നിവേശിപ്പിച്ച് അവളിലെ ആത്മീയ ദാഹത്തെ ഉണർത്തി. അവന്റെ വ്യത്യസ്തത തിരിച്ചറിഞ്ഞ അവൾ തന്റെ ജീവിതം ദൈവ സാധ്യതകൾകൊണ്ടു നിറച്ചിരിക്കുന്നത് ദൈവിക മഹത്വത്തെ അറിയിക്കുവാനും, യേശുവിനെ സാക്ഷിക്കുവാനും, യേശുവിന്റെ സാക്ഷിയാകുവാനുമാണ്, തന്റെ ജീവിതം എന്ന് മനസ്സിലാക്കി. അങ്ങനെ മറ്റുള്ളവരിലേക്കും ക്രിസ്തുവിനെ വിളിച്ചറിയിക്കുവാൻ തനിക്കുള്ള സാധ്യത അവൾ ക്രിയാത്മകതയോടെ പ്രവർത്തിക്കുന്നു.

ദൈവം അനേക സാധ്യതകളാൽ നമ്മെ നിറച്ചിരിക്കുന്നു. ഓരോരുത്തരിലുമുള്ള സാധ്യതകളെ പരിപോഷിപ്പിക്കുവാനുള്ള ത്വര എല്ലാവരിലും ജനിക്കണം. അതിന് പുനർജന്മം നൽകുന്നതായിരിക്കണം നമ്മുടെ ആത്മീയത. യേശുക്രിസ്തുവിനെ സാക്ഷിച്ചും ആഘോഷിച്ചുംകൊണ്ട് അവന്റെ പ്രവൃത്തി പിൻതുടരുന്ന വി. സഭയോടു ചേർന്നുള്ള വിശ്വാസവും പ്രവൃത്തിയും നിറഞ്ഞ ജീവിതമാണ് ഇന്ന് ആവശ്യം എന്ന് ഓർമ്മിപ്പിക്കുന്നു.

## പുതു ഞായറിനുശേഷം മൂന്നാം ഞായർ 02/05/2021 യോഹന്നാൻ. (6:47-58)

പ്രസ്തുത സുവിശേഷ ഭാഗത്ത് നമ്മൾ ഇങ്ങനെ വായിക്കുന്നു "ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവന്റെ അപ്പമാകുന്നു. ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും, ഞാൻ കൊടുക്കുന്ന അപ്പം എന്റെ ശരീരമാകുന്നു" എന്നു പറഞ്ഞ് പരി. കുർബ്ബാനയെക്കുറിച്ച് ഒരു സൂചന കർത്താവ് ഇവിടെ നൽകുന്നു. യേശുതമ്പുരാനും തന്റെ ശിഷ്യന്മാരും സെഹിയോൻ മാളികയിൽ കൂടിയിരുന്നപ്പോൾ യേശുനാഥൻ അപ്പമെടുത്ത് വാഴ്ത്തി തന്റെ ശരീരമായും അപ്രകാരം തന്നെ വീഞ്ഞ് എടുത്ത് വാഴ്ത്തി തന്റെ രക്തമായും തന്റെ ശ്ലീഹന്മാർക്ക് നൽകിയിട്ട് 'എന്റെ വരവിനോളം ഇപ്രകാരം നിങ്ങൾ ചെയ്‌വിൻ' എന്ന് കല്പിച്ചു.

മനുഷ്യാവതാരത്തിന്റ ഉദ്ദേശം പൂർണ്ണമാകുന്നത് തന്റെ ജീവനെ നൽകുന്നതിലാണ് എന്ന് മുൻകൂട്ടി യേശു പ്രവചിക്കുന്നു. ഈ ലോകത്തിൽ യേശു സ്വയം ഒന്നും നേടുവാനായി ആഗ്രഹിച്ചില്ല, പിന്നയോ നൽകുവാൻ തയ്യാറായി. അപ്പമായവൻ സ്വയം നുറുക്കപ്പെടുവാൻ ഏല്പിച്ചു. 'എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവീൻ" എന്നാണ് അന്ത്യത്താഴ വേളയിൽ വി.കുർബ്ബാന സ്ഥാപിച്ചുകൊണ്ട് യേശുക്രിസ്തു കല്പിച്ചത്. കർത്താവ് അരുൾ ചെയ്തു "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്ത് വന്ന് അവരിൽ വാസമുറപ്പിക്കുകയും ചെയ്യും. എന്നെ സ്നേഹിക്കാത്തവനോ എന്റെ വചനങ്ങൾ പാലിക്കുന്നില്ല" (യോഹ. 14:23-24).

യെഹൂദാ മതം മറ്റുള്ളവയെ അർപ്പിക്കുന്നതിലുടെ പാപമോചനം പ്രദാനം ചെയ്യുമെങ്കിൽ ഇവിടെ സ്വയം നല്കലിലൂടെ പാപമോചനം മാത്രമല്ല നിത്യജീവന്റെ അനുഭവം കൂടെ പ്രദാനം ചെയ്യുന്ന അപ്പത്തെ ലോകത്തിന് കാണിക്കുന്നു. ഇതാണ് യേശുവാകുന്ന അപ്പത്തിന്റെ ശ്രേഷ്ഠത. "ദൈവത്തെ സ്നേഹിക്കുകയെന്നാൽ അവിടുത്തെ കല്പനകൾ അനുസരിക്കുകയെന്ന് അർത്ഥം" (1 യോഹ 5:3) എന്നാണ് തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നത്.

യേശുവാകുന്ന അപ്പത്തെ ഉൾക്കൊള്ളുന്നവർക്കുള്ള അനുഭവമെന്നത് യേശു അവരിൽ വസിക്കുന്നു എന്നും അവർ ക്രിസ്തുവിൽ വസിക്കുന്നുവെന്നുമാണ്. ഇത് സൂചിപ്പിക്കുന്നത് യേശുവിൽ ജീവിക്കുന്ന ഒരു വ്യക്തിയുടെ ക്രിസ്തുവുമായുമുള്ള അഭേദ്യ ബന്ധത്തെയാണ്. യേശു പറഞ്ഞു "സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് ജീവൻ ഉണ്ടായിരിക്കുകയില്ല. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും" (യോഹ. 6:53-54).

പരി. കുർബ്ബാനയെ സംബന്ധിച്ചിടത്തോളം പ്രഥമവും പ്രധാനവുമായ ലക്ഷ്യമെന്നത് നിത്യജീവൻ തന്നെയാണ്. പാപത്താൽ ദൈവത്തിൽനിന്ന് അകന്ന മനുഷ്യനെ കുരിശുമരണംവഴി ക്രിസ്തു നാഥൻ പിതാവുമായി ഐക്യപ്പെടുത്തി. അത് അവൻ നിത്യമായി ജീവിക്കാനാണ്. എന്നെന്നും ദൈവമക്കളുടെ പദവിയിൽ നിലനിൽക്കാനാണ്; മനുഷ്യന്റെ ജീവിതം ഈ ലോകം കൊണ്ട് അവസാനിക്കുന്നില്ല. ഇതിനപ്പുറത്ത് അവനെ കൊണ്ടുപോകാനാണ് അവിടുന്ന് കാൽവരിയിൽ യാഗമായത്, വി. കുർബ്ബാന നമുക്കായി സ്ഥാപിച്ചത്. അതിനാൽ നിത്യജീവനെ അടിസ്ഥാനപ്പെടുത്തി വേണം നാം ഈ ലോകത്ത് ജീവിക്കുവാൻ.

നമ്മുടെ അദ്ധ്വാനവും പ്രാർത്ഥനയും പരിത്യാഗങ്ങളും ശുശ്രൂഷയുമൊക്കെ നിത്യജീവനെ ലക്ഷ്യമാക്കിയുള്ളതായിരിക്കണം. അതിലേക്ക് നാം എത്തുന്നില്ലെങ്കിൽ അവയെല്ലാം വ്യർത്ഥമാണ്. മരിച്ചവരുടെ ഉയിർപ്പിനെ സംബന്ധിച്ച് വി. പൗലോസ് പറഞ്ഞു, 'മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നില്ലെങ്കിൽ എന്റെ അദ്ധ്വാനവും കഷ്ടപ്പാടുംകൊണ്ട് എന്തു പ്രയോജനം?'. (1.കോരി. 15:30-32) നിത്യ ജീവനിലേക്ക് നമുക്ക് പ്രവേശിക്കാൻ കഴിയുക യേശുക്രിസ്തുവിലൂടെ മാത്രമാണ്. അതി

നായി യേശു തന്നെ നമുക്കായി ഒരുക്കിയിരിക്കുന്ന മാർഗ്ഗമാണ് വി. കുർബ്ബാന. യേശുക്രിസ്തു അപ്പമായി ലോകത്തിലേക്ക് അവതരിച്ച് വിശ്വാസിക്ക് നിത്യജീവനെ പ്രദാനം ചെയ്യുന്നവനാകയാൽ നാം അവനിൽ വസിച്ച് അവനിൽനിന്ന് ശക്തിപ്രാപിച്ച് ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെ പ്രതിഫലിക്കുന്നവരായി ജീവിക്കുക എന്ന് ഓർപ്പിച്ചു.

**പുതു ഞായറിനുശേഷം നാലാം ഞായർ 09/05/2021 ലൂക്കോസ്. (9:51-62)**

ഈ വേദഭാഗത്ത് കർത്താവിനെ അനുഗമിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കപ്പെടുന്നു. ഇവിടെ മൂന്നു പേർ കർത്താവിനെ അനുഗമിക്കുവാൻ താല്പര്യപ്പെടുന്നു. എന്നാൽ ഇവർ മൂവരോടും വ്യത്യസ്തമായ ഉത്തരങ്ങളാണ് കർത്താവ് നൽകുന്നത്. കർത്താവിനെ അനുഗമിക്കുവാൻ അനുവാദം ചോദിക്കുന്ന ആദ്യ വ്യക്തിയോട് കർത്താവ് ഇപ്രകാരം മറുപടി പറഞ്ഞു "കുറുനരികൾക്ക് കുഴിയും ആകാശത്തിലെ പറവജാതിക്കുകൂടും ഉണ്ട്. മനുഷ്യപുത്രനോ തല ചായിപ്പാൻ സ്ഥലമില്ല" (ലൂക്കോ. 9:58).

വേറൊരുവനോട് കർത്താവ്, "എന്നെ അനുഗമിക്കുക" എന്നു പറയുന്നു. അവൻ അവനോട് "ആദ്യമേ പിതാവിനെ കബറടക്കുവാൻ അനുവാദം തരണമേ" എന്നപേക്ഷിക്കുന്നു. താൻ നിത്യജീവനാണെന്നു തന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കുമെന്നും തന്റെ തിരു ശരീര രക്തങ്ങളെ അനുഭവിക്കുന്നവരെ അവസാന നാളിൽ ഉയിർത്തെഴുന്നേൽപ്പിക്കുമെന്നും അരുളി ചെയ്തതിനെ വേണ്ടവണ്ണം ഗ്രഹിക്കാതിരുന്ന ആ മനുഷ്യനോട്, "മരിച്ചവർ തങ്ങളുടെ മരിച്ചവരെ കബറടക്കട്ടെ നീയോ ദൈവരാജ്യം പ്രസംഗിക്കുക"എന്നു പറഞ്ഞു. ഇതിനാൽ മരിച്ച പിതാവിനെ സംസ്കാരം ചെയ്യേണ്ടാ എന്ന് അവനോട് പറഞ്ഞതായി അർത്ഥമാക്കേണ്ടതില്ല. ഇവിടെ മരിച്ചവർ എന്നു വിശേഷിപ്പിക്കുന്നത് മ്ശിഹായെ അറിയാത്തവരെയും തങ്ങളുടെ മരിച്ചവരെ എന്നു ഉദ്ദേശിക്കുന്നത് മ്ശിഹായെ അറിയാതെ മരിച്ചു പോകുന്നവരെയും കുറിച്ചാണ്. അവനോട്, നീ പോയി ദൈവരാജ്യം പ്രസംഗിക്കുക എന്നു കല്പിക്കുമ്പോൾ മരണമില്ലാത്തവരുടെ രാജ്യത്തിലേക്ക് മ്ശിഹായിൽ കൂടെ മരണമുള്ളവരെ ആനയിക്കുക എന്നത്രേ മനസ്സിലാക്കേണ്ടത്.

തന്റെ ഭവനക്കാരോട് യാത്ര പറഞ്ഞതിനുശേഷം ഞാൻ നിന്നെ അനുഗമിക്കാം എന്നു പറഞ്ഞ മൂന്നാമത്തെ വ്യക്തിയോട് കർത്താവ് പറയുന്നു "കലപ്പയ്ക്കു കൈവച്ചശേഷം പിന്നോട്ട് നോക്കുന്നവരും ദൈവരാജ്യത്തിന് കൊള്ളാവുന്നവനല്ല" ചുമതലയിൽ പ്രവേശിച്ചതിനുശേഷം പിന്മാറ്റക്കാരായി ജീവിക്കരുതെന്ന് കർത്താവ് ഉപദേശിക്കുന്നു. ഈ മൂന്നു വ്യക്തികളിലൂടെയും തന്നെ അനുഗമിക്കുന്നവർ സർവതും ഉപേക്ഷിച്ച് തന്നിൽ മാത്രം പ്രത്യാശ അർപ്പിക്കണമെന്ന് കർത്താവ് നമ്മെ ഓർമ്മപ്പെടുത്തുന്നു. പൗലോസ്ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നു 'ഒരുവൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയായിത്തീരുന്നു' എന്ന് കർത്താവിനെ അനുഗമിക്കേണ്ടത് എപ്രകാരമെന്ന് അവിടുന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. ലൂക്കോസ് 9:23. "എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾ തോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ."

രക്ഷ നൽകാൻ കഴിവുള്ള ഏക ഗുരു കർത്താവായ യേശുവാണ്. അവന്റെ പേരുതന്നെ ദൈവം നമ്മോടുകൂടെ എന്നാകുന്നല്ലോ. അവന് മാത്രമേ മനുഷ്യരെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കുവാൻ സാധിക്കുകയുള്ളു. അപ്പൊ. പ്രവൃത്തികൾ 4:12 "മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല". നമുക്ക് രക്ഷയ്ക്കായി നൽകിയിരിക്കുന്ന ഒരേ ഒരു നാമത്തിന്റെ പേരാണ് കർത്താവായ യേശുക്രിസ്തു.

യേശു അരുളി ചെയ്തു യോഹന്നാൻ 8:12 "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും." യേശുവാകുന്ന പ്രകാശം എന്നിൽ മിഴി തുറക്കുമ്പോൾ ഞാൻ മുഴുവനും പ്രകാശമായിരിക്കും എങ്കിൽ എന്റെ വെളിച്ചത്തിൽ എന്റെ അന്ധകാരം നീങ്ങി ഞാൻ പ്രകാശിക്കാൻ തുടങ്ങും. ഇപ്രകാരം യേശുവാകുന്ന പ്രകാശത്തെ അനുഗമിച്ച് അനവധി പേർക്ക് പ്രകാശം നൽകുന്ന മറ്റൊരു പ്രകാശമായിത്തീരുവാൻ നമുക്ക് പ്രാർത്ഥിക്കാം.

## ക്നാനായ കോൺഗ്രസ് ക്നായിതോമാ അനുസ്മരണം നടത്തി

മലങ്കരയിലെ സുറിയാനി സഭകളുടെ അടിസ്ഥാന ശില ക്നായിതോമാ ആണെന്ന് ക്നാനായ സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ്. ഭാരത സംസ്കാരത്തെ ആദരിച്ചുകൊണ്ട് സുറിയാനി വിശ്വാസത്തിൽ മലങ്കരയിൽ ശിലയിട്ട പരിശുദ്ധനാണ് ക്നായിതോമായെന്ന് മെത്രാപ്പോലീത്ത പറഞ്ഞു. ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ വെളിയനാട് സുഖാർ ധ്യാനകേന്ദ്രത്തിൽ നടത്തിയ ക്നായിതോമാ അനുസ്മരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മെത്രാപ്പോലീത്ത. പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സാബു തോട്ടുങ്കൽ, റോയി പുത്തൻ പുരയ്ക്കൽ, അനീഷ് റ്റി.സി. തകിടിയിൽ, കൊച്ചുമോൻ ഒറ്റത്തൈക്കൽ, സജി താന്നിക്കൽ, ജയമോൻ മേപ്രത്ത്, ബിബിൻ കല്ലംപറമ്പിൽ, മജേഷ് മഴുക്കീറ്റാട, അനീഷ് കയ്യത്ര എന്നിവർ പ്രസംഗിച്ചു. ക്നാനായ കോൺഗ്രസിന്റെ കേരളത്തിലെ വിവിധ ദൈവാലയങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

## ക്നാനായ കോൺഗ്രസ് തണൽ ഭവനം നൽകി

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ "തണൽ 2021" ഭാഗമായി മാന്നാർ പാവുക്കരയിൽ നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ ഭവനദാന സമ്മേളനം ക്നാനായ സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു. ശ്രീ. സജി ചെറിയാൻ എം.എൽ.എ. മുഖ്യാതിഥി ആയിരുന്നു. പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം അദ്ധ്യക്ഷത വഹിച്ചു. ഫാ. കുറിയാക്കോസ് മേലേക്കുറ്റ്, സെക്രട്ടറി റോയി പുത്തൻ പുരയ്ക്കൽ, ട്രസ്റ്റി അനീഷ് റ്റി.സി. തകിടിയിൽ, സാബു തോട്ടുങ്കൽ, മജേഷ് മഴുക്കീറ്റാട, ബിബിൻ കല്ലംപറമ്പിൽ, സജി താന്നിക്കൽ, കൊച്ചുമോൻ ഒറ്റത്തൈക്കൽ, ജയമോൻ മേപ്രത്ത്, അനീഷ് കയ്യത്ര എന്നിവർ പ്രസംഗിച്ചു.

# വിശുദ്ധരാകാം നിത്യതക്കായി

സാന്ത സെയ്ന്റ്

മനുഷ്യാ നിന്റെ ഓട്ടം നിത്യതയിലേക്കോ? മനുഷ്യാ നീ എങ്ങനെ സൃഷ്ടിക്കപ്പെട്ടു? ഉല്പത്തി 1:26 ദൈവം അരുളി ചെയ്തു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്ക. ഉല്പ.2:7. ദൈവമായ കർത്താവ് ഭൂമിയിലെ പൂഴി കൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായി തീർന്നു. ഇങ്ങനെ നാം എല്ലാം സൃഷ്ടിക്കപ്പെട്ടു. അനാദി മുതലേ ദൈവം നമ്മെ എല്ലാം കണ്ടിരുന്നു. നാം എവിടെ ജനിക്കണമെന്നും, ആർക്കു ജനിക്കണമെന്നും ദൈവം കണ്ടിരുന്നു.

**എന്തിനാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്?**

ദൈവം മനുഷ്യനോടൊത്തായിരിക്കാൻ ആണ് മനുഷ്യനെ സൃഷ്ടിച്ചത്. ഉല്പത്തി 1:8 വെയിലാറിയപ്പോൾ ദൈവമായ കർത്താവ് തോട്ടത്തിൽ ഉലാത്തുന്നതിന്റെ ശബ്ദം അവർ കേട്ടു. ദൈവത്തെ സ്നേഹിപ്പാനും ആരാധിപ്പാനും വേണ്ടി ദൈവം നമ്മെ സൃഷ്ടിച്ചു. ദൈവം അവനെ ഏദനിലാക്കി എന്നാൽ പാപംമൂലം നാം എല്ലാം ശപിക്കപ്പെട്ടു എല്ലാ സൗഭാഗ്യങ്ങളും തീർന്നു ഉല്പത്തി 3:19. മണ്ണിൽ നിന്ന് എടുക്കപ്പെട്ട നീ മണ്ണിനോട് ചേരുന്നതുവരെ നെറ്റിയിലെ വിയർപ്പു കൊണ്ട് ഭക്ഷണം സമ്പാദിക്കും. നീ പൊടിയാണ്. പൊടിയിലേക്ക് തന്നെ നീ മടങ്ങും.

ചുരുക്കി പറഞ്ഞാൽ ഈ ലോകത്ത് സുഖം ദുഃഖം അനുഭവിച്ച് നമ്മിലൂടെ നിവർത്തിയാകേണ്ട ദൈവ പ്രവർത്തി നിവർത്തിയായി നാം മണ്ണിനോട് ചേരും. അത് എത്ര വയസ്സിലാണന്നോ, ഏതു സമയം ആണന്നോ മാത്രം നമുക്കറിഞ്ഞുകൂടാ. എന്നാൽ ഒരു കാര്യം ഉറപ്പ് ഇന്ന് അല്ലേൽ നാളെ ഞാനും നീയും മണ്ണിനോട് ചേരും.

ജ്ഞാനം 15:8 അല്പകാലം മുമ്പ് മണ്ണുകൊണ്ട് നിർമ്മിക്കപ്പെട്ടവനും അല്പകാലം കഴിയുമ്പോൾ തനിക്കു കടമായി ലഭിച്ച ആത്മാവിനെ ദാതാവ് ആവശ്യപ്പെടുമ്പോൾ തിരികെ ഏൽപിച്ച് മണ്ണിലേക്ക് മടങ്ങേണ്ടവനുമായ മനുഷ്യൻ. അതെ പ്രിയപ്പെട്ടവരെ, നമ്മുടെ ആത്മാവിനെ ദൈവം ചോദിക്കും. ചിന്തിച്ചിട്ടുണ്ടോ നമ്മുടെ ആത്മാവിന്റെ അവസ്ഥ. നാം എല്ലാം ശരീരം നല്ലവണ്ണം നോക്കും. ഇടയ്ക്ക് നമ്മുടെ ആത്മാവിനെ കൂടെ നോക്കണം, അത് എങ്ങനെയാണ് ഇരിക്കുന്നതെന്ന് ഇന്ന് Youtube – ൽ കാണാം മരണാനന്തരജീവിത അനുഭവങ്ങൾ. നമ്മുടെ ആത്മാവ് ദൈവസന്നിധിയിൽ നിൽക്കുമെന്നും നാം ചെയ്ത ഓരോ പ്രവർത്തിയും നല്ലതും ചീത്തയും ഒരു സ്ക്രീനിൽ കാണാമെന്നും അനേകർ സാക്ഷ്യപ്പെടുത്തുന്നു. അന്ന് ഒന്നും മറവായിരിക്കുന്നില്ല. എല്ലാം വെളിച്ചത്തു വരും. നാം മരിക്കുന്നതുവരെ കർത്താവ് നമ്മോട് കരുണ കാണിക്കും. മരണശേഷം വിധിയാളാണ് കർത്താവ്. അവിടെ കരുണയില്ല, പാപത്തിനൊത്തവണ്ണം ശിക്ഷയുണ്ട്. മാരക പാപത്തിലാണെങ്കിൽ കത്തുന്ന തീയ്ക്കും പുഴുക്കൾക്കും നാം വിട്ടുകൊടുക്കപ്പെടും. നിത്യജീവൻ പോലെ നിത്യ അഗ്നിയിൽ നാം എറിയപ്പെടും. തീയും ഗന്ധവും നിലവിളിയും, ശാപവാക്കുകളും നമ്മെ തേടിയെത്തും. പല വിശുദ്ധർക്കും ദൈവം നരകം കാണിച്ചു കൊടുത്തിട്ടുണ്ട്. ഒരു കത്തോലിക്കാ അല്മായൻ ഇപ്രകാരം കുട്ടികളോട് പറയുന്നതു കേട്ടു. നാം വിശുദ്ധിയിൽ വളരണം. ഭൂമിയിലുള്ളതിലേക്ക് നോക്കേണ്ട, നമുക്കു നിത്യജീവൻ വേണം. സ്വർഗ്ഗത്തിലേക്ക് നോക്കി ജീവിക്കണം. ഞാൻ ഉൾപ്പെടുന്ന മാതാപിതാക്കൾ നമ്മുടെ മക്കളോട് ഇങ്ങനെ പറയാറുണ്ടോ? വിശുദ്ധിയിൽ ജീവിക്കണം, സ്വർഗ്ഗത്തിൽ എത്തണം എന്നൊക്കെ. നാം ഇന്ന് പറയുന്നത് ഡോക്ടർ ആകണം എൻജിനീയർ ആകണം എന്നൊക്കെ അല്ലേ. ഡോക്ടർ, എൻജിനിയർ ഒക്കെ ആകുമായിരിക്കും. പക്ഷേ നിത്യത, അവരുടെ ആത്മാവ് എവിടെ പോകും? ഒരു ഗവേഷകൻ പറയുന്നത് കേട്ടു കോടിക്കണക്കിനു മനുഷ്യരാണ് ഒരു വർഷം Porn site-ൽ കയറുന്നത്. ഇതു മൂലം അവർ തങ്ങളുടെ വിശുദ്ധി അല്ലേ നശിപ്പിക്കുന്നത് ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. ഇന്ന് പല മനുഷ്യരും depression-ൽ പോകുന്നതിന്റെ ഒരു കാരണം ജഡികാസക്തിയല്ലേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

വിശുദ്ധി പ്രാപിക്കാൻ ദൈവത്തിൽനിന്നും മാത്രമേ സാധിക്കൂ. കാരണം ദൈവം അതിവിശുദ്ധനാണ്. വിശുദ്ധിക്ക് മുമ്പിൽ ആസൂയ, വ്യഭിചാരം, ദുർമോഹം, പാപം, വഞ്ചന ഒന്നും നിലനിൽക്കില്ല. വിശുദ്ധികൂടാതെ ആർക്കും സ്വർഗ്ഗത്തിൽ കയറാൻ ആകില്ല. നാം മറ്റുള്ളവരുടെ മുമ്പിൽ പ്രാർത്ഥിച്ചിട്ടോ, പള്ളിയിൽ മുമ്പിൽ നിന്നിട്ടോ ഒന്നും കാര്യമില്ല. ദൈവം നിന്റെ ഹൃദയമാണ് നോക്കുന്നത്. ഹൃദയത്തിന്റെ ഭാഷയാണ് അധരം സംസാരിക്കുന്നത്. വിശുദ്ധി പ്രാപിക്കണം. നാം നിരന്തരമായ സത്യ കുമ്പസാരം വഴിയും വചനം വായിച്ചും, പരിശുദ്ധ കുർബ്ബാന സ്വീകരിച്ചും, വചനം ഏറ്റു പറഞ്ഞും നാം വിശുദ്ധി നേടി എടുക്കണം. പ്രിയപ്പെട്ടവരെ, നമ്മുടെ മക്കൾക്കു പറഞ്ഞു കൊടുക്കണം കുഞ്ഞേ നീയൊരു വിശുദ്ധയാകണം, വിശുദ്ധനാകണം. ഒരുവൾ താൻ ഗർഭിണി ആകുന്നതിനും മുമ്പു തന്നെ തന്നെത്തന്നെ ശുദ്ധീകരിച്ച് വി. കുമ്പസാരം നടത്തി വിശുദ്ധിയിൽ നിന്നിട്ടു വേണം മക്കൾക്കു ജന്മം കൊടുക്കാൻ. എന്നാൽ മാത്രമേ വിശുദ്ധരായ മക്കൾ ജനിക്കൂ. വി. യോഹന്നാൻ സ്നാപകൻ അതിന് നല്ല ഉദാഹരണം തന്നെ. ലോകത്തിന്റെ അറിവിനേക്കാൾ ഉപരി ദൈവത്തെ കൊടുക്കണം. പ്രാർത്ഥിക്കാൻ പഠിപ്പിക്കണം. നിന്നെ മാത്രം നോക്കി അതിതീക്ഷ്ണ കണ്ണുള്ള ദൈവം ഉണ്ട്. നീ എന്തു ചെയ്താലും ദൈവം കാണും. സത്യ സന്ധനാവുക എന്നു പറഞ്ഞു കൊടുക്കണം. നിത്യജീവനെ പറ്റി പറയണം പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കാൻ പഠിപ്പിക്കണം.

ആദ്യ പിതാവായ ആദം ജീവിച്ചത് 930 വർഷമായിരുന്നു. പിന്നീട് മനുഷ്യന്റെ ആയുസ് കുറഞ്ഞു കുറഞ്ഞ് ഇന്നത് എത്രയായി എന്ന് പത്ര മാധ്യമങ്ങൾ പറയും. നാം നമ്മുടെ മക്കളെ വിശുദ്ധിയിൽ വളർത്തുക. ദൈവം എപ്പോൾ വേണേലും തിരികെ വിളിച്ചോട്ടേ, നമുക്കാശ്വസിക്കാം. അവർ വിശുദ്ധരോടൊത്ത് പരിശുദ്ധ അമ്മയുടെ കൈയ്യും പിടിച്ച് മാലാഖമാരോടൊത്ത് ദൈവത്തെ സ്തുതിക്കുമല്ലോ. ലോക പ്രകാരം സൗന്ദര്യമോ, ജോലിയോ, പഠിത്തമോ ഒന്നുമില്ലെങ്കിലും അവർ സ്വർഗ്ഗത്തിലാണല്ലോ എന്ന് നമുക്കാശ്വസിക്കാം. ഇതല്ലേ മാതാപിതാക്കളേ ദൈവം ആഗ്രഹിക്കുന്നത്.

നമുക്ക് വിശുദ്ധരാകാം. നമ്മുടെ മക്കൾ വിശുദ്ധരാകട്ടെ. സ്വർഗ്ഗനാട്ടിൽ എത്തുംവരെ നമ്മെയും നമ്മുടെ മക്കളേയും പരിശുദ്ധ അമ്മയുടെ ഹൃദയത്തിൽ കൊടുക്കാം. അമ്മ നോക്കട്ടെ യേശുവിനെ സംരക്ഷിച്ചതുപോലെ..

# യേശു സ്വീകരിച്ച സ്നാനവും, വിശ്വാസികൾ സ്വീകരിക്കുന്ന സ്നാനവും ഒന്നാണോ? (തുടർച്ച)

## മല്പാനോടു ചോദിക്കാം



**വെള്ള ശുദ്ധീകരണം നടത്തുവാൻ– അതായത് നാശ ഹേതുവായ വെള്ളത്തെ ജീവ ഹേതുവാക്കുവാൻ**

ജലം ജീവന്റെ ആധാരമാണ്. വെള്ളത്തിന്മേൽ ദൈവത്തിന്റെ ആത്മാവു പരിവർത്തിച്ചാണ് ആദ്യ സൃഷ്ടികർമ്മം നടന്നത് (ഉല്പ.1:2). ഏദനിൽ നിന്ന് ഒരു നദി പുറപ്പെട്ട് നാലു ശാഖകളായി പിരിഞ്ഞ് തോട്ടം നനച്ചു (ഉല്പ.2:10–14). അങ്ങനെ ജീവഹേതുവായ ഈ ജലം തന്നെ നോഹയുടെ കാലത്ത്, പെട്ടകത്തിൽ പ്രവേശിച്ച ജീവജാലങ്ങളൊഴികെ സകലത്തെയും നശിപ്പിക്കുന്ന നാശഹേതുവായി മാറി. അതിനു കാരണം മനുഷ്യന്റെ പാപമത്രെ (ഉല്പ. 6:13–7:24). നാശഹേതുവായ വെള്ളത്തെ ശുദ്ധീകരിച്ച് വീണ്ടും ജീവഹേതുവാക്കുന്നതിനാണത്രേ യോർദ്ദാനിൽ ഇറങ്ങിയത്. പെങ്കീസാ നമസ്കാരത്തിൽ ദനഹാ ശുശ്രൂഷയുടെ മൂന്നാം മണിയുടെ സെദറായിൽ ഇപ്രകാരം പറയുന്നു. "അത്യുന്നതൻ മാമോദീസാ ജലത്തെ ശുദ്ധീകരിപ്പാൻ തക്കവണ്ണം ആറ്റിൽ സ്നാനത്തിനായി ഇറങ്ങി. അതു തന്റെ പ്രയോജനത്തിനല്ല, എന്നാലോ ഇടിനാദം പോലെ ഉദ്ഘോഷിക്കപ്പെട്ട പ്രവാചകരുടെ വചനങ്ങളെ നിറവേറ്റാനായിരുന്നു." "യോർദ്ദാൻ പ്രവാഹത്തെ സ്വർഗ്ഗത്തിൽ നിന്ന് നിന്റെ വിശുദ്ധാത്മാവിനെ വിളിച്ചുവരുത്തി നീ ശുദ്ധീകരിക്കുകയും, അവിടെ മറഞ്ഞു കിടന്ന മഹാസർപ്പത്തിന്റെ തലയെ മർദ്ദിക്കുകയും ചെയ്തു." (ആണ്ടുതക്സ–ദനഹ– മൂന്നാം സെദറ) "പിതാവിൽ നിന്നുള്ള സ്വയംഭൂവും, തന്റെ നിത്യതയുടെ ഔന്നത്യത്തെ താഴ്ത്തി തന്റെ വിശുദ്ധിയാൽ വെള്ളത്തെ വിശുദ്ധമാക്കുവാൻ വേണ്ടി തന്റെ പ്രസംഗകനായ യോഹന്നാനിൽ നിന്നും യോർദ്ദാൻ നദിയിൽ വച്ച് മാമോദീസാ പ്രാപിച്ചവനുമായ യേശുമ്ശിഹ..." (ആണ്ടുതക്സാ–ദനഹ –പ്രാരംഭ പ്രാർത്ഥന). "സകല ജലാശയങ്ങളേയും നദികളേയും തന്റെ സ്നാനത്താൽ വിശുദ്ധീകരിച്ച പരിശുദ്ധനായ കർത്താവേ... യോഹന്നാൻ സ്നാപകനിൽ നിന്നുള്ള നിന്റെ മാമോദീസാ മൂലം യോർദ്ദാനിലെ ഒഴുക്കിനെ നീ വിശുദ്ധമാക്കി (ആണ്ടു തക്സ– ദനഹ– 2–ാം ശുശ്രൂഷ).

പഴയ നിയമത്തിൽ മോശയും പ്രവാചകന്മാരും ഒക്കെ പ്രവർത്തിച്ച പല കാര്യങ്ങളും യേശു യോർദ്ദാനിൽ ഇറങ്ങി വെള്ളം ശുദ്ധീകരിക്കുന്നതിന്റെ സൂചനയായിരുന്നു എന്ന് ദനഹാ ശുശ്രൂഷയുടെ പെങ്കീസാ നമസ്കാരത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. "വിശുദ്ധ പിതാക്കന്മാരും വിശുദ്ധ റൂഹായുടെ പ്രവാചകന്മാരും നിന്റെ ജ്ഞാനസ്നാനപ്പെരുന്നാളിനെ മുൻകൂട്ടിക്കാണിച്ചിരുന്നു. ഒരുവൻ, ചെങ്കടലും മേഘവും മൂലം നിന്റെ പരിശുദ്ധ സ്നാനത്തെ ദൃഷ്ടാന്തീകരിച്ചു. വേറൊരുവൻ, കർത്താവിന്റെ ജനത്തെ പരിശുദ്ധ മാമോദീസായ്ക്കെന്നവണ്ണം യോർദ്ദാനിലേക്ക് ഇറങ്ങുകയും, അവിടെ നിന്ന് പ്രതാപത്തോടും ബഹുമാനത്തോടും കൂടി കരേറ്റുകയും ചെയ്തു മുൻകാണിച്ചു. ഒരുവൻ യറീഹോവിൽ വച്ച് കർത്താവിന്റെ യുദ്ധത്തിന് വെള്ളത്തിങ്കൽ തിരഞ്ഞെടുപ്പു നടത്തി. വേറൊരുവൻ, ദാഹിച്ചിരുന്ന ജനത്തെ മരമിട്ടു നന്നാക്കിയ വെള്ളം കുടിപ്പിച്ചു. ഒരുവൻ, വെള്ളത്തിനുമീതെ പൊങ്ങുമാറാക്കിയ ഇരുമ്പിനാൽ, ഞങ്ങളുടെ കുലത്തിന്റെ മേൽപ്പോട്ടുള്ള കരേറ്റത്തെ ലക്ഷ്യപ്പെടുത്തി. വേറൊരുവൻ വിശുദ്ധ സ്ഥലത്തിന്റെ വാതിൽപ്പടിയിൽ നിന്നും ഒഴുകിയ ജലത്താൽ നിന്റെ സ്നാനത്തെ അറിയിച്ചു. മറ്റൊരുവൻ, രക്ഷയുടെ ഉറവിൽനിന്ന് നിങ്ങളെല്ലാവരും സന്തോഷത്തോടെ വെള്ളം കോരും എന്നു സൂചിപ്പിച്ചു. ഒരുവൻ, "ദൈവമേ വെള്ളം നിന്നെ കണ്ടു, വെള്ളം നിന്നെ കണ്ടു ഭയപ്പെട്ടു" എന്നു കീർത്തനം പാടി. ഒരുവൻ "കർത്താവിന്റെ ശബ്ദം വെള്ളത്തിന്മേൽ എന്ന് പുത്രനെക്കുറിച്ചുള്ള പിതാവിന്റെ സാക്ഷീകരണത്തെ മുന്നറിയിച്ചു. ഒരുവൻ "കർത്താവിന്റെ വചനത്താൽ ഈ വെള്ളത്തെ നന്നാക്കിയിരിക്കുന്നു എന്നു പറഞ്ഞു." ഒരുവൻ, കർത്താവു നിങ്ങളിൽ നിർമ്മല ജലം തളിച്ച് സകല അശുദ്ധിയിൽ നിന്നും നിങ്ങളെ വെടിപ്പാക്കുമെന്നറിയിച്ചു. മറ്റൊരുവൻ, "കർത്താവ് നിങ്ങളെ വെടിപ്പാക്കുമെന്നറിയിച്ചു. മറ്റൊരുവൻ, കർത്താവ് ആത്മജലത്താൽ യാക്കോബു ഗൃഹത്തിന്റെ അഴുക്കിനെ കഴുകിക്കളയുമെന്നു തെളിയിച്ചു." ഒരുവൻ, "നിങ്ങൾ കുളിച്ച് വെടിപ്പുള്ളവരാകുവിൻ, നിങ്ങളുടെ ഹൃദയങ്ങളിൽ നിന്ന് ദുഷ്ടതകളെ നീക്കിക്കളയുവിനെന്ന് ഉപദേശിച്ചു" വേറൊരുവൻ, "സമുദ്രമേ, നീ ഓടിയതെന്തിന്? എന്നു ചോദിച്ചു. (ദനഹ –രാത്രി–1–ാം കൗമ–സെദറ–പെങ്കീസ).

പരിശുദ്ധ സുറിയാനി സഭയിൽ സ്നാന ശുശ്രൂഷയിലെ ഒരു പ്രധാന ശുശ്രൂഷയാണ് വെള്ള ശുദ്ധീകരണം. പരിശുദ്ധ കുർബ്ബാനയിൽ അപ്പ വീഞ്ഞുകളുടെ മേൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഇറങ്ങി ആവസിച്ച് അതിനെ ശുദ്ധീകരിച്ച് കർത്താവിന്റെ ശരീര രക്തങ്ങളാക്കി തീർക്കുന്നതുപോലെ മാമോദീസാ വെള്ളത്തിനു മേൽ പരിശുദ്ധാത്മാവ് ആവസിച്ച് യേശു ഇറങ്ങിയ യോർദ്ദാനിലെ വെള്ളം പോലെ അതിനെ ശുദ്ധീകരിക്കുന്നു. ആദിയിൽ വെള്ളത്തിന്മേൽ ദൈവത്തിന്റെ ആത്മാവ് പരിവർത്തിച്ച് സൃഷ്ടികർമ്മം നടന്നതുപോലെ ഇവിടെയും വെള്ളത്താലും ആത്മാവാലും സ്നാനാർത്ഥി ക്രിസ്തുവിൽ പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടുന്നു. (2കൊരി. 5:17)

**5. പരിശുദ്ധ ത്രിത്വത്തിന്റെ വെളിപ്പെടൽ**

പഴയ നിയമത്തിൽ നിഗൂഢമായി വെളിപ്പെട്ട പരിശുദ്ധ ത്രിത്വം അതിന്റെ പൂർണ്ണതയിൽ മനുഷ്യന് പ്രത്യക്ഷമായി വെളിപ്പെട്ടത് യേശുവിന്റെ സ്നാന സമയത്താണ്. ദനഹ പെരുന്നാളിലെ പ്രഭാതത്തിന്റെ പ്രമിയോനിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "അത്യുന്നതനായ ഏക ദൈവത്വം യോർദ്ദാൻ നദിയിൽ വെളിപ്പെട്ടു. സ്തുത്യനായ ഏക ത്രിത്വം മനുഷ്യർക്ക് പ്രകാശിതമായി. പിതാവ് ശബ്ദത്താൽ അറിയപ്പെട്ടു. പുത്രൻ സ്പർശിക്കപ്പെട്ടു, റൂഹാ കാണപ്പെട്ടു. പിതാവ് അത്ഭുത പ്രകാശമാകുന്നു, പുത്രൻ തന്റെ മഹത്തര തേജസ്സാകുന്നു. റൂഹാ തന്റെ ശ്രേഷ്ഠതയുടെ ഉദയമാകുന്നു. പിതാവ് അനശ്വരബുദ്ധിയാകുന്നു, പുത്രൻ അവസാനിക്കാത്ത വചനവും, റൂഹാ അന്തമില്ലാത്ത ശക്തിയുമാകുന്നു. പിതാവ് സ്രഷ്ടാവായ ആനാദ്യന്തനും പുത്രൻ നിർമ്മാതാവായ നിത്യനും, റൂഹാ സുസ്ഥിരനായ സ്വയസ്ഥിതനുമാകുന്നു." കൂടാതെ ദനഹ മൂന്നാം മണി സെദ്റായിൽ "ത്രിത്വം നദീതീരത്ത് ദൃഷ്ടാന്തമായി വെളിപ്പെട്ടു. പിതാവ് ഉയരത്തിൽ വിളിച്ചു പറഞ്ഞു. പുത്രൻ പ്രത്യക്ഷതയിൽ നിന്നിരുന്നു. റൂഹാ പ്രാവിന്റെ ആകൃതിയിൽ ഇറങ്ങി." എന്നു പറഞ്ഞിരിക്കുന്നു.

*(തുടരും)*



# മലർവാടിക്കൂട്ടം

ശൈത്യകാലം തുടങ്ങി മുള്ളൻപന്നിക്ക് എവിടെയെങ്കിലും ചുരുണ്ടുകൂടി ഉറങ്ങണമെന്ന് തോന്നി. അതിനു പറ്റിയ ഒരു ഗുഹ കണ്ടെത്തുകയും ചെയ്തു. അകത്തു കയറിയപ്പോഴാണ് അബദ്ധം മനസ്സിലായത് ഗുഹയിൽ ഒരു പാമ്പിൻ കുടുംബം നേരത്തെ താമസമുണ്ട്. ഏതായാലും കയറിയില്ലേ ഒന്നു ചോദിച്ചു നോക്കാം.

സുഹൃത്തുക്കളെ ഞാൻ നിങ്ങളുടെ വിരുന്നുകാരനാണ്. മുള്ളൻപന്നി പറഞ്ഞു. ശൈത്യകാലം തീരുംവരെ ഇവിടെ ഒരു മൂലയിൽ കഴിയുവാൻ എന്നെയും അനുവദിക്കുമോ?

പാമ്പുകൾക്ക് എതിർപ്പുണ്ടായില്ല. അവർ ഒരു മൂല ചൂണ്ടി കാണിച്ചു. മുള്ളൻപന്നി അങ്ങോട്ടു നീങ്ങി ഒരു പന്തു കണക്കേ ചുരുണ്ടുകൂടി. തനിക്ക് അസൗകര്യമുണ്ടാക്കുന്ന മുള്ളുകൾ അത് അവിടെ പൊഴിച്ചിട്ടിരുന്നു.

അധികനാൾ കഴിയും മുമ്പ് പാമ്പുകൾക്ക് അബദ്ധം മനസ്സിലായി. കുഞ്ഞുങ്ങൾ പലയിടത്തും ഇഴഞ്ഞു നടക്കും. അപ്പോ അതിഥി പൊഴിച്ചിട്ട മുള്ളുകൾ തട്ടി അവരുടെ ദേഹത്ത് മുറിവ് പറ്റി. ശ്രദ്ധിച്ചു നടന്ന വലിയ പാമ്പുകൾക്കും അപകടം പിണയാതിരുന്നില്ല. ഒടുവിൽ അവർ മുള്ളൻപന്നിയെ വിളിച്ചുണർത്തുകയും തങ്ങളുടെ അസൗകര്യം അറിയിക്കുകയും ചെയ്തു.

നിങ്ങൾ എന്നെ ശല്യപ്പെടുത്തിയത് ശരിയായില്ല. വിരുന്നുകാരനായി വന്ന് ഗുഹയിൽ ഇടം പിടിച്ചു. മുള്ളൻ പന്നി പറഞ്ഞു എനിക്ക് ഇവിടെ സുഖം തോന്നുന്നു. നിങ്ങൾക്ക് അസൗകര്യമുണ്ടെങ്കിൽ ഞാൻ ഗുഹയുടെ വാതിൽ അടച്ചിട്ടില്ലല്ലോ. പുറത്തുപോയി വേറെ സ്ഥലം അന്വേഷിക്കാവുന്നതാണ്.

മുള്ളൻ പന്നി തന്റെ ഉറക്കം തുടരുന്നതിന് വീണ്ടും ചുരുണ്ടുകൂടി കഴിഞ്ഞു.

(അതിഥി ഏതു തരക്കാരനാണെന്നു മനസ്സിലാക്കി വേണം അയാളെ സൽക്കരിക്കാൻ)

സസ്നേഹം

**കൊച്ചേട്ടൻ**

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

1. എ.ഡി. 345ലെ സിറിയൻ കുടിയേറ്റത്തിന് നേതൃത്വം നൽകിയ പരി. പിതാവ് ആര്?
2. വി. സഭയിൽ അംഗത്വം ലഭിക്കുന്ന കൂദാശ?
3. വി. കൂദാശകളുടെ റാണി എന്നു വിളിക്കപ്പെടുന്ന കൂദാശ ഏത്?
4. സുറിയാനി സഭയിലെ വി. കൂദാശകൾ എത്ര? ഏതെല്ലാം?
5. വി.മാമോദീസായിൽ ഉപയോഗിക്കുന്ന തൈലങ്ങൾ ഏവ?
6. ത്രൈശുദ്ധകീർത്തനം എന്ന പ്രാർത്ഥന ഏതാണ്?
7. വി. കുർബ്ബാനയിൽ കുറിയേലായിസ്സോൻ എന്നു മൂന്നു പ്രാവശ്യം ചൊല്ലുന്ന സന്ദർഭങ്ങൾ ഏതെല്ലാം?
8. വി. കുർബ്ബാനയുടെ ആരംഭത്തിൽ 'നിൻമാതാവ് വിശുദ്ധന്മാർ' എന്ന ഗീതം പാടുമ്പോൾ ശുശ്രൂഷക്കു കൂടുന്ന ശുശ്രൂഷകർ മെഴുകുതിരി പിടിച്ച് പിന്നോട്ടു നടക്കുന്നത് ആരേ അനുസ്മരിക്കാനാണ്?
9. വി. കന്യക മറിയം ദൈവമാതാവെന്ന് പ്രസംഗിച്ച പിതാവ് ആരാണ്?
10. രണ്ടാം തുബ്ദേനിൽ ആരെ അനുസ്മരിക്കുന്നു?

## മാർച്ച് മാസത്തിലെ ഉത്തരങ്ങൾ

1. യേശുക്രിസ്തു
2. പിളർക്കപ്പെട്ട അഗ്നി നാവിന്റെ രൂപത്തിൽ
3. സ്തേഫാനോസ്
4. വി. യാക്കോബ് ശ്ലീഹാ
5. വി. പൗലോസ്
6. ജൂൺ 29
7. മോർ ഈവാനിയോസ്
8. കാതോലികം, ശ്ലൈഹീകം, ഏകം, വിശുദ്ധം
9. വി. മാമോദീസ
10. 1). നിഖ്യസുന്നഹദോസ് (എ.ഡി. 325),
    2). കുസ്തന്തിനോസ് പോലീസ് സുന്നഹദോസ് (എ.ഡി. 381)
    3). എഫേസോസ് സുന്നഹദോസ് (എ.ഡി.431)



## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി**

# പുഞ്ചിരിയുടെ മാസ്മരിക ശക്തി

**റ്റി. സി. തോമസ് തോപ്പിൽ** (ക്നാനായ കമ്മറ്റി അംഗം)

“സമാധാനം പുഞ്ചിരിയിൽ ആരംഭിക്കുന്നു”. നിങ്ങൾ ആരെയെങ്കിലും നോക്കി പുഞ്ചിരിക്കുമ്പോൾ അത് ഒരു സ്നേഹ പ്രവർത്തിയാണ്. അയാൾക്കു നൽകുന്ന സമ്മാന മാണ്. അതിമനോഹരമായ സമ്മാനം. മദർ തെരേസയുടെ ഈ വാക്കുകൾ അസ്വസ്ഥതയും സംഘർഷവും നിറഞ്ഞ വർത്തമാന കാലഘട്ടത്തിൽ വളരെ പ്രസക്തിയുള്ളതാണ്. ഉത്കണ്ഠയും പിരിമുറുക്കവും സ്ഥാനം പിടിച്ചു മനുഷ്യന്റെ മുഖത്തു നിന്നും പുഞ്ചിരി അപ്രത്യക്ഷമാകുന്നില്ലേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. പുഞ്ചിരി സൗഹൃദത്തിന്റെ സന്ദേ ശമാണ്. സ്നേഹത്തിന്റെ പ്രകാശമാണ്. ഹൃദയത്തിന്റെ ലാവണ്യമാണ്. ആത്മാവിന്റെ വിനിമയഭാഷയാണ്. വ്യക്തി ബന്ധങ്ങൾ സുദൃഢമാക്കാനും മങ്ങിയ ബന്ധങ്ങൾ വിളക്കി യെടുക്കാനും പുഞ്ചിരിക്ക് അസാധാരണ ശേഷിയുണ്ട്. പുഞ്ചിരി ഹൃദയത്തെ തരളിതമാക്കി മനസ്സിനെ കുളിരണി യിക്കുന്നു. സംഘർഷപൂരിതമായ അന്തരീക്ഷത്തിനു അയ വുവരുത്താൻ ചിരിക്ക് അപാരശേഷിയുണ്ട്. ആനന്ദം, അംഗീ കാരം, സൗഹൃദം തുടങ്ങിയ ഭാവങ്ങൾ എളുപ്പത്തിൽ പുഞ്ചി രിയിലൂടെ സംവേദനം ചെയ്യപ്പെടുന്നു.

സാമൂഹ്യരംഗങ്ങളിലും ബിസിനസ് മേഖലകളിലും കൂ ടിക്കാഴ്ചകളിൽ ഫസ്റ്റ് ഇംപ്രഷന് വളരെയേറെ പ്രാധാന്യ മുണ്ട്. ഒരു ഇന്റർവ്യൂവിനെത്തുന്ന ഉദ്യോഗാർത്ഥി വിലയിരു ത്തപ്പെടുന്നത് അയാളുടെ ഫസ്റ്റ് ഇംപ്രഷനെ അടിസ്ഥാന മാക്കിയാവും. അതുകൊണ്ട് ഈ രംഗത്തെല്ലാം വിജയം കൈവരിക്കണമെങ്കിൽ ഫസ്റ്റ് ഇംപ്രഷൻ നന്നാകേണ്ടിയിരി ക്കുന്നു. അതിനുള്ള ഏറ്റവും നല്ല ഉപാധിയാണ് മുഖത്ത് ഹൃദയം തുറന്ന ഒരു നറുപുഞ്ചിരി അണിയുക എന്നത്. പുഞ്ചിരി ഒരാളുടെ ആകർഷണീയതയും സൗന്ദര്യവും വർദ്ധിപ്പിക്കുന്നതിനു പുറമെ മറ്റുള്ളവരുമായി ഒരു മാനസിക ഐക്യം സൃഷ്ടിക്കുകയും ചെയ്യുന്നു. രാഷ്ട്രീയക്കാർ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഒരായുധമാണ് പുഞ്ചി രി. പ്രത്യേകിച്ച് തെരഞ്ഞെടുപ്പു സമയങ്ങളിൽ ജനങ്ങളെ സ്വാധീനിക്കുന്നതിനും ആകർഷിക്കുന്നതിനും വേണ്ടി അവർ പുഞ്ചിരി ഒരു ആഭരണമാക്കുന്നു. മനുഷ്യഹൃദയങ്ങളെ കീഴ ടക്കുവാനും ആകർഷണീയതയും ഊഷ്മളതയും വർദ്ധി പ്പിക്കുവാനും ഉള്ള മാർഗ്ഗമാണ് പുഞ്ചിരി. ഉപഭോക്തൃ ബന്ധ ങ്ങൾ മെച്ചപ്പെടുത്തുക, തൊഴിലാളി മുതലാളി ബന്ധങ്ങൾ നന്നാക്കുക, അദ്ധ്യാപക വിദ്യാർത്ഥിബന്ധങ്ങൾ സുദൃഢ മാക്കുക തുടങ്ങിയവയ്ക്ക് പുഞ്ചിരിയുടെ സ്വാധീനം വളരെ യേറെയാണ്.

ദാമ്പത്യ ജീവിതത്തിന്റെ വിജയത്തിനും നറുപുഞ്ചിരി യുടെ സ്ഥാനം ഉന്നതമാണ്. കുടുംബജീവിതത്തിന്റെ വിജയം ഊഷ്മളമായ ഭാര്യഭർതൃബന്ധത്തിൽ അധിഷ്ഠി തമാണല്ലോ. നല്ലചിരി ഭവനത്തിലെ സൂര്യപ്രകാശമാണ്. ഭാര്യയും ഭർത്താവും ദുർമുഖരായി വസിച്ചാൽ ആ ഭവനം കാർമേഘംകൊണ്ട് ആകാശംപോലെ ഇരുണ്ടതായിരിക്കും. ജീവിതത്തിന്റെ ഇരുണ്ടപാതകളിൽ മുന്നോട്ടു ഗമിക്കാൻ ഉത്തേജനം നൽകുന്ന ദീപമാണ് പുഞ്ചിരി. മാനവജീവിത ത്തിൽ സുപ്രധാനമായ ഒരു സ്ഥാനമുള്ള ചിരി ശാരീരിക വളർച്ചയിലും അതിപ്രധാനമായ പങ്കുവഹിക്കുന്നു. ഒരു കുഞ്ഞുജനിച്ച് ഏതാനും മാസങ്ങൾ കഴിയുമ്പോൾ മുതൽ ചിരിച്ചു തുടങ്ങും. അത് അവരുടെ വളർച്ചയുടെ ഒരു ഘട്ടത്തെ സൂചിപ്പിക്കുന്നു. ശാരീരിക സൗന്ദര്യത്തെക്കാൾ ഹൃദയത്തിന്റെ സൗന്ദര്യമാണ് പ്രധാനം. മുഖം മനസ്സിന്റെ കണ്ണാടിയാണല്ലോ. അനവസരത്തിൽ പൊട്ടിച്ചിരിക്കുന്നതും സൂക്ഷിക്കണം. വിവാഹവീട്ടിലും മരണവീട്ടിലും സന്ദർഭമ നുസരിച്ച് പെരുമാറണം. ചിരി വികാരത്തിന്റെ ഒരു ബഹിർസ്ഫുരണമാണ്. ഒരു ചിന്തകൻ പറയുന്നു. ചിരിക്കൂ, ലോകം നിങ്ങൾക്കൊപ്പം ചിരിക്കും. (Laugh and the world laugh with you). ഈ ലോകം ഒരു കണ്ണാടിപോലെയാണ്. നാം ചിരിക്കുമ്പോൾ കൂടെ ചിരിക്കുകയും കോപിക്കുമ്പോൾ തിരികെ കോപിക്കുകയും ചെയ്യുന്ന ലോകം. ശ്രീ രവിശ ങ്കർ ഉപദേശിക്കുന്നു, ചിരി ആന്തരികമായ ഒരു വ്യായാമമാ ണ്. ചിരിക്കുമ്പോൾ ശരീരത്തിലെ ഒട്ടുമിക്ക ഭാഗങ്ങളും പ്രതി കരിക്കുന്നു. ചിരിക്കുമ്പോൾ മുഖത്ത് രക്തച്ഛവി പരക്കുന്നു. മസിലുകൾ ചലിക്കുന്നു. പേശികൾക്ക് വ്യായാമം ലഭിക്കു ന്നു. ചിരിഹൃദയത്തെയും മസ്തിഷ്കത്തെയും ഉത്തേജിപ്പി ക്കുന്നു. തലച്ചോറിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വ ലമാക്കുന്നു.



രാജസദസ്സുകളെ സജീവമാക്കാൻ രാജാക്കന്മാർ വിദൂഷകരെ നിയമിച്ചിരുന്നു. സങ്കീർണ്ണമായ വിഷയങ്ങൾ ഉണ്ടാകുമ്പോൾ രംഗം സരളമാക്കാൻ വിദൂഷകരുടെ ഹാസ്യവും ചിരിയും സദസ്സിനെ സന്തോഷിപ്പിച്ചിരുന്നു. സർക്കസ്സ് കൂടാരങ്ങളിലെ രസികന്മാരായ കലാകാരന്മാർ തങ്ങളുടെ തമാശപ്രകടനത്തിലൂടെ കാണികളെ ചിരിപ്പിക്കുന്നതു നാം ആസ്വദിച്ചിട്ടുണ്ടല്ലോ. ആകാംക്ഷ നിറഞ്ഞതും പ്രേക്ഷകരെ സാഹസികതയുടെ മുൾമുനയിൽ നിർത്തുന്നതുമായ അഭ്യാസപ്രകടനത്തിന്റെ തീവ്രത സൃഷ്ടിക്കുന്ന പിരിമുറുക്കത്തിനു അയവു വരുത്താൻ അവരുടെ ഹാസ്യ പരിപാടിയിലൂടെ സാധിക്കുന്നു. ചിരിക്കുന്ന സമയത്തു നമ്മൾ ടെൻഷൻ മറക്കും. പേശികൾക്കു അയവു ലഭിക്കും. ഉറക്കെ ചിരിക്കുമ്പോൾ രക്തത്തിലെത്തുന്ന ഓക്സിജന്റെ അളവു കൂടുന്നു. പുഞ്ചിരിയോടു കൂടിയ സമീപനം അന്യരിൽ നല്ല പ്രതികരണം സൃഷ്ടിക്കുന്നു. Time spent laughing is time spent with the God എന്ന ജാപ്പനീസ് പഴഞ്ചൊല്ല് വളരെ അർത്ഥവത്താണ്. ആരോഗ്യമുള്ള ശരീരത്തെ വാർത്തെടുക്കാൻ ആരോഗ്യമുള്ള ഒരു മനസ്സ് കൂടിയേ തീരൂ. അതിന് ഏറ്റവും ലളിതമായ മാർഗ്ഗമാണ് ചിരി. ഇതൊക്കെയാണെങ്കിലും നാമിന്നു ചിരിക്കാനുള്ള കഴിവു നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. വളരും തോറും മനുഷ്യനിൽ നിന്നും ചിരി അപ്രത്യക്ഷമാവുകയാണ്. മുഖം കൊണ്ടുമാത്രമാണ് ചിരിക്കുന്നത്. മനസ്സു കൊണ്ടുള്ള ചിരി കുറയുന്നു. മുഖം വീർപ്പിച്ചതുകൊണ്ട് പ്രശ്നം പരിഹരിക്കപ്പെടുന്നുണ്ടോ?. എന്നാൽ പുഞ്ചിരിക്കുമ്പോൾ ശാന്തിയും പിരിമുറുക്കമില്ലായ്മയും അനുഭവപ്പെടുന്നു. നിർഭാഗ്യവശാൽ സമൂഹത്തിൽ സമ്പത്തും പദവിയും ഉയരും തോറും ഗൗരവം വർദ്ധിക്കുന്നു. പുഞ്ചിരി കുറയുന്നു. പുഞ്ചിരിച്ചാൽ മറ്റുള്ളവർ അതു മുതലെടുക്കുമെന്നു കരുന്നവരുമുണ്ട്. പുഞ്ചിരി കൊടുക്കുന്നവന് ഒന്നും തന്നെ നഷ്ടമാകാതെ വാങ്ങുന്നവനെ ധന്യനാക്കുന്നു. നമ്മൾ പുഞ്ചിരിക്കുന്നത് ഏതെങ്കിലും കാര്യസാദ്ധ്യത്തിനു മാത്രമാകുമ്പോഴാണ് പുഞ്ചിരി കൃത്രിമവും അനാകർഷകവും ആവുന്നത്. എല്ലാ ദുഃഖങ്ങളും പ്രയാസങ്ങളും കഴിഞ്ഞിട്ടു ഒന്നു ചിരിക്കാമെന്നു കരുതുന്നത് മൗഢ്യമാണ്. ഒരു നറുപുഞ്ചിരിയോടുകൂടി സമൂഹത്തെ സമീപിച്ച് നമ്മുടെ പ്രവർത്തന മേഖലകളെ കൂടുതൽ സന്തോഷകരവും പ്രകാശം പരത്തുന്നതുമായി മാറ്റാൻ നമുക്കു സാധിക്കട്ടെ. ●

# ഇൻജക്ഷൻ
## (കുത്തിവയ്പ്)

**ജോസഫ് തോമസ്**
(റിട്ട. പഞ്ചായത്ത് സെക്രട്ടറി), കറ്റോട്

കുത്തല്ലെ കുത്തല്ലെ
രാജമ്മ സിസ്റ്ററെ
മതിയാക്കാറായിലെ
ഈ സൂചിക്കുത്ത്
ഇന്നലെയും ഇന്നും മിനിയാന്നുമായിട്ട്
എത്രയോ സൂചി എൻ മുതുകിൽ കേറ്റി
കൈയ്കാൽ കഴയ്ക്കുന്നു
ശരീരം വിറയ്ക്കുന്നു
ആകെപ്പാടെ ഒരു പൊരുത്തക്കേട്
ആരു പറഞ്ഞിട്ടാ
ആരു കുറിച്ചിട്ടാ
കൂടെ കൂടെ ഈ സൂചിക്കുത്ത്
എന്തൊരു രോഗമാ
എന്തൊരു വ്യാധിയാ
എന്നിൽ കടന്നു പിടിച്ചതെന്നു
ബഞ്ചിമിൻ ഡോക്ടറോ
സാലമ്മ ഡോക്ടറോ
ആരാണീക്കുറിപ്പിങ്ങനെഴുതിയത്
കുത്തിനു മുമ്പുള്ള
ടെസ്റ്റുകൾ ചെയ്യാതെ
ഈ പാവത്തെ ഈ വിധം കുത്തണമോ
ഡിസ്ചാർജ് ചെയ്തെങ്കിൽ
സ്വന്തമായ് വീട്ടിൽ പോയ്
കഞ്ഞികുടിച്ചു കിടക്കാമല്ലോ
എന്തിനീദ്രോഹം
ഇതെന്തൊരു ശാപമാ
ദൈവമെ എന്നെ നീ രക്ഷിക്കണേ...
(കുത്തല്ലെ....കുത്തല്ലെ)

# നാമം ഉണർന്നു

**ശോശാമ്മ ജോസഫ്,**
പാട്ടാശ്ശേരിൽ, കുറിച്ചി

നാദം മുഴങ്ങി, നാമം ഉണർന്നു
പള്ളി മണികൾ ഉലഞ്ഞാടി
നാഥൻ വരവടുത്തു അങ്ങു
കാഹള ധ്വനി മുഴങ്ങി
നീരുറവ ഉണങ്ങി
നീർതോടുകൾ ചാലുണങ്ങി
കഷ്ടത വന്നു നിറഞ്ഞു
നമുക്കു യേശുവിൻ പിന്നാലെ പോകാം.
പാട്ടുകൾ പാടി സ്തുതിക്കാം
നമുക്കാരാധന ഗീതം പാടാം
വാഴ്ത്തി സ്തുതിക്കുന്നു നാഥാ
ഞങ്ങളിൽ ദയ തോന്നണേ
യേശുവിനെ തേടാം
നമുക്കു യേശുവിനെ തേടാം
കാൽവരി ക്രൂശിൽ യാഗമായ
യേശുവിനെ തേടാം (2)

നീറുന്ന വേദനയാൽ
മാനസം നൊന്തു നീറി
ചാരത്തു വന്നണഞ്ഞ
നാഥൻ കൈപിടിച്ചങ്ങുയർത്തി
മിന്നി മിന്നി വന്നു
ആശ്വാസം തന്നുപോയി
വീണ്ടുംവരാമെന്നു
നല്ല വാക്കു തന്ന നാഥാ
ആശയോടെ ഞങ്ങൾ
കാത്തിരിക്കുന്നു ഒന്നു വന്നിടണമേ (2)

# 6-ാം ചരമവാർഷികം
# 15-05-2021



# ഇടവഴിക്കൽ കുഞ്ഞവറാച്ചൻ (ഇ.കെ.എബ്രഹാം)

## ചിങ്ങവനം

**"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ "**

Advt - O

## 4th Death Anniversary

**13-04-2021**



## K.J. Zachariah (Soman)

**Kizhakkemuriyil,**
**Muttada, Trivandrum**

"നിൻ ശരണത്തിൽ നിദ്രിതനാം
ദാസനു മശിഹാ സ്മൃതി നൽകി
നിൻ മഹിമോദയ ദിവസത്തിൽ
വലഭാഗത്തായ് ചേർക്കേണം"

By Sorrowing Family

Advt - O

## 4 – ാം ചരമവാർഷികം

**15 – 04 – 2021**



## ചിന്നമ്മ കുരുവിള

**കല്ലുങ്കൽ, മള്ളൂശ്ശേരി, കോട്ടയം**

ഭർത്താവ് – കുരുവിള
മക്കൾ – റോബി, റോജി, മരുമക്കൾ – നെജി, ബിയ
കൊച്ചുമക്കൾ

Advt -O

## 8 – ാം ചരമവാർഷികം

**29 – 04 – 2021**



## ഉമ്മൻ മാത്യു (കുഞ്ഞൂഞ്ഞ്)

**ഇരണയ്ക്കൽ പുത്തൻവീട്**
**പുതുശ്ശേരി, തുരുത്തിക്കാട്**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 40 – ാം ചരമദിനം

**16 – 04 – 2021**



## ലിസ്സി തമ്പി

**പുലയകുന്നിൽ, ഇരവിപേരൂർ, നെല്ലാട്**


നിത്യതയുടെ തീരത്ത് വീണ്ടും
കാണാം എന്ന പ്രത്യാശയോടെ, പ്രാർത്ഥനയോടെ

ഭർത്താവ് – പി. എം. തമ്പി
മക്കൾ – സിജു, ഷിജു, മജു
മരുമക്കൾ – സ്മിത, ഷെറിൻ, റിനു

Advt -S

# FIRST DEATH ANNIVERSARY

12 . 4 . 2021



In loving memory of

**DR. JACOB THOMAS (83)**

(KUNJUMON)

**Padinjarepurackal,Kallissery**

**1937 - 2020**

*For God so loved the world that he gave his one and only Son, that whoever believes in him shall not perish but have eternal life. JOHN 3:16*

*By Sorrowing family...*

Advt - O



**സമുദായ ട്രസ്റ്റി**

**കമാണ്ടർ സ്കറിയ തോമസ് Ex. M.P.ക്ക്**

**ക്നാനായ ദീപത്തിന്റെ ആദരാഞ്ജലികൾ**



## 40 – ാം ചരമദിനം

10 – 04 – 2021

## ഏബ്രഹാം കുര്യൻ

**(സാബു)**

**മണലിത്തറ,**

**തെങ്ങേലി**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

മുരിക്കോലിപ്പുഴ

കുടുംബാംഗങ്ങൾ

Advt - R



## 10 – ാം ചരമ വാർഷികം

19 – 04 – 2021

## സി. എ. ചാക്കോ

(ഫിലിപ്പ്)

തുണ്ടിയിൽ, കുറ്റൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 15th Birthday in Heaven

26-04-2021



## Prince Thomas Chacko

Elmont, Newyork, U.S.A.

(Ammanathu, Kattode)

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി

YOUR LOVING FAMILY & FRIENDS

Advt - S

## 13 – ാം ചരമവാർഷികം

07 – 03 – 2021



## മാത്തൻ ഏബ്രഹാം (പാപ്പച്ചൻ)

കടയ്ക്കേത്ത് പുന്നമൂട്ടിൽ, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*ഭാര്യ അന്നമ്മ ഏബ്രഹാം*
*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, കൊച്ചുകൊച്ചുമക്കൾ*

Advt -S

# വാർദ്ധക്യവും മരണവും ആത്മവിശ്വാസത്തോടെ നേരിടാൻ

കെ.എ. തോമസ് കൊമരത്തുംപറമ്പ്, ചെങ്ങളം
(കടപ്പാട് ലേഖനം:– **Sunitha Olivia**, Kollam
Dist. Indian National Organisation for Human Rights Protetion Member of Motivation group)

വാർദ്ധക്യവും മരണവും സത്യമാണ്. അതിലേയ്ക്ക് മാനസികമായി തയ്യാറെടുപ്പു നടത്തിയാൽ ആത്മവിശ്വാസത്തോടെ അതിനെ നേരിടാൻ കഴിയും. വാർദ്ധക്യകാലത്തിനുമുമ്പേ പഠിക്കേണ്ടതായ ചില പാഠങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രായമേറുംതോറും നമ്മുടെ വേണ്ടപ്പെട്ടവരുടെ എണ്ണം കുറഞ്ഞുകൊണ്ടേയിരിക്കും. മാതാപിതാക്കളും അതിനു മുമ്പുള്ള തലമുറയുമൊക്കെ യാത്രയായി. സമകാലികരായ പലരും നമ്മെ വിട്ട് പിരിഞ്ഞിരിക്കാം. പലരും ക്ഷീണിതരും അവശരുമായി ഒരുങ്ങിക്കൂടിയിരിക്കാം. യുവതലമുറയ്ക്ക് അവരുടെ ജീവിതപ്രശ്നങ്ങളുടെ തിരക്കുമൂലം മാതാപിതാക്കളുടെ കാര്യങ്ങൾ നോക്കാൻ സമയമുണ്ടാകണമെന്നില്ല. ഈ ഘട്ടത്തിൽ പലരുടേയും ജീവിതപങ്കാളിയും പ്രതീക്ഷിക്കുന്നതിനുമുമ്പ് കടന്നുപോയന്നുവരാം. അപ്പോഴാണ് ഏകാന്തതയും ശൂന്യതയും പിടിമുറുക്കുന്നത്. അതുകൊണ്ട് ഏകാന്തതയെ സ്നേഹിച്ച് ഒറ്റയ്ക്ക് സന്തോഷമായി ജീവിക്കുവാൻ പഠിക്കുക.

2. വാർദ്ധക്യമേറുന്തോറും സമൂഹം നിങ്ങളെ മറന്നു തുടങ്ങും. ഏത് മഹാനും, പ്രശസ്തനും, ധനവാനും ആയിരുന്നെങ്കിലും വയസ്സായി കഴിഞ്ഞാൽ നിങ്ങൾ മറ്റു വൃദ്ധരിൽ ഒരുവനായിക്കഴിഞ്ഞു. അതുവരെയുണ്ടായിരുന്ന പ്രശസ്തിയും, വിലയുമെല്ലാം ഇല്ലാതാകും. മറ്റുള്ളവർക്ക് മുൻഗണന കൊടുത്തുകൊണ്ട് ഒരു മൂലയിലേയ്ക്ക് മാറി നില്ക്കാൻ മാനസികമായി തയ്യാറെടുക്കണം. കഴിയുമെങ്കിൽ പിന്നാലെ വരുന്നവരുടെ ആരവവും, കാഴ്ചപ്പാടുകളും കൗതുകത്തോടെ നോക്കി കാണുക. മുറുമുറുപ്പും, അസൂയയും, നീരസവും ഒക്കെ അതിജീവിക്കുന്നവർ ഭാഗ്യവാന്മാർ. തുടർന്നുള്ള ജീവിതം ആരോഗ്യപ്രശ്നങ്ങളുടെ കാലമാണ്. വീഴ്ച, ഒടിവ്, ഹൃദയധമനികൾക്കും തലച്ചോറിനും ഉണ്ടാകാവുന്ന ക്ഷതങ്ങൾ, ക്യാൻസർ അങ്ങനെ തടുക്കാൻ കഴിയാത്ത രോഗങ്ങളും, മറ്റുള്ള ജീവിതശൈലി അസുഖങ്ങളുമൊക്കെ ഒഴിവാക്കാനാവാത്ത കൂട്ടുകാരെപ്പോലെ കൂടെ കൂടും. ഒരു രോഗവും അലട്ടാത്ത ശാന്തസുന്ദരമായ വാർദ്ധക്യം സ്വപ്നം കാണുന്നത് വെറുതെയാണ്. മിതമായ വ്യായാമങ്ങളൊക്കെ കൃത്യമായി തുടർന്ന് മുറുമുറുപ്പും പിണക്കങ്ങളുമില്ലാതെ ശിഷ്ഠജീവിതത്തെ സന്തോഷത്തോടെ വരവേൽക്കാൻ നിങ്ങൾക്കാകുമെങ്കിൽ വാർദ്ധക്യം അനുഗ്രഹകരമാകും.

3. അറുപതിനുശേഷമുള്ള യാത്രയിൽ വഞ്ചകരും തട്ടിപ്പുകാരും അവസരം പാർത്തിരിക്കും. പ്രായമായവർക്ക് ആവശ്യത്തിനു സമ്പാദ്യവും ആസക്തിയുമുണ്ടാകുമെന്ന് ഇക്കൂട്ടർക്ക് നല്ലവണ്ണം അറിയാം. അതുകൊണ്ടുതന്നെ അതുതട്ടിയെടുക്കാനുള്ള തന്ത്രങ്ങൾ നിരന്തരം ഇവർ മെനഞ്ഞുകൊണ്ടേയിരിക്കും. വിവിധതരം ഉല്പന്നങ്ങൾ, പെട്ടെന്ന് പണമുണ്ടാക്കാനുള്ള കുറുക്കുവഴികൾ, ആയുസ്സു കൂട്ടാനും അസുഖങ്ങൾ മാറ്റാനുമുള്ള ഒറ്റമൂലികൾ, ഒന്നും നടക്കുന്നില്ലെങ്കിൽ അത്ഭുതരോഗശാന്തിപോലുള്ള ആത്മീയ തട്ടിപ്പുകൾ സൂക്ഷിക്കുക. പണം ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യുക.

4. അമ്മയുടെ മടിയിലേക്ക് പിറന്നു വീണ് അമ്മയുടെ താരാട്ടുപാട്ട് കേട്ട് ഉറങ്ങിയ നിങ്ങൾ ജീവിതാനുഭവങ്ങളിലൂടെ കടന്ന് മറ്റുള്ളവർ ശുശ്രൂഷിക്കേണ്ട അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുന്നു. ഒരു വ്യത്യാസം മാത്രം അന്നു നിങ്ങളെ സ്നേഹത്തോടെ പരിചരിക്കുവാൻ അമ്മ ഉണ്ടായിരുന്നെങ്കിൽ, സന്തോഷിപ്പിക്കുവാനും കളിപ്പിക്കുവാനും മറ്റ് ബന്ധുക്കളും, സ്വന്തക്കാരും ഉണ്ടായിരുന്നെങ്കിൽ ഇന്ന് ആരും തന്നെ അടുത്തുണ്ടാകണമെന്നില്ല. ഏതെങ്കിലും ഐ.സി.യു.– ൽ ഒരു ബന്ധവുമില്ലാത്ത നേഴ്സായിരിക്കും ഒരു പക്ഷെ അവസാന നാളുകളിൽ നിങ്ങളെ പരിചരിക്കുന്നത്. പരാതികളില്ലാതെ എല്ലാത്തിനും നന്ദിയുള്ളവരാകാൻ ശ്രമിക്കുക.

5. പ്രായമായെന്നു കരുതി മറ്റുള്ളവരെക്കാൾ അറിവുള്ളവരും ശ്രേഷ്ഠരുമാണെന്ന് സ്വയം കരുതരുത്. മറ്റുള്ളവരുടെ പ്രശ്നങ്ങളൊ, നിങ്ങളുടെ മക്കളുടേയോ, കൊച്ചുമക്കളുടേയോ പ്രശ്നങ്ങളോ തലയിലേറ്ററുത്. അനാവശ്യമായി ആരുമായും വാഗ്വാദത്തിലേർപ്പെടരുത്. അത് മറ്റുള്ളവരെ മുറിവേല്പിക്കുന്നതിനോടൊപ്പം നിങ്ങളേയും മാനസിക പിരിമുറുക്കത്തിലെത്തിക്കും. ഗർവ്വും അഹങ്കാരവും ഒഴിവാക്കി വിനയത്തോടെ ജീവിക്കാൻ പഠിക്കണം. പ്രായമാകുന്തോറും അന്യരെ ബഹുമാനിക്കുന്നതിനും സ്വയം ബഹുമാനിക്കപ്പെടുന്നതിന്റെയും പ്രാധാന്യം തിരിച്ചറിയാൻ സാധിക്കണം. ജീവിതത്തിന്റെ അവസാനകാലത്ത് ലൗകികബന്ധങ്ങളോടുള്ള കെട്ടുപാടുകളില്ലാതെ നിർമ്മലരായിരിക്കുവാൻ മാനസികമായി തയ്യാറെടുക്കണം. ജീവിത യാത്ര സ്വാഭാവികമായ ഒഴുക്കാണ്. സമചിത്തതയോടെ അത് ജീവിച്ചു തീർക്കുക.

6. അമിതമായി സമ്പാദിക്കുവാനുള്ള ആർത്തി ഒഴിവാക്കുക. സമ്പാദിക്കുന്നത് ആർക്കുവേണ്ടി? അത് വിഡ്ഢിത്തം. നമുക്കുവേണ്ടി നാം അന്തസ്സായി ജീവിക്കുക. അവിടെ പിശുക്ക് കാണിക്കരുത്. സമ്പാദിച്ചുവച്ചതിൽ നിന്നും ഒരു രൂപാപോലും കൈകൊണ്ട് സ്പർശിക്കാൻ കഴിയാത്ത ഒരവസ്ഥ പെട്ടെന്ന് വന്നേക്കാം. സമ്പാദ്യം മറ്റുള്ളവർ പങ്കുവെച്ചെടുക്കുന്നതും ദുർവ്യയം ചെയ്യുന്നതും ദുഃഖത്തോടെ നോക്കിക്കാണാനേ നമുക്കപ്പോൾ കഴിയൂ.

7. യാത്രയുടെ അവസാനമെത്തുമ്പോഴേക്കും പ്രകാശം മങ്ങി മങ്ങി ഇരുട്ടുമൂടിത്തുടങ്ങും. മുമ്പോട്ടുള്ള വഴി അവ്യക്തമാകാൻ തുടങ്ങും. തുടർന്നുള്ള യാത്രയും ദുഷ്കരമാകും.

അതുകൊണ്ട് അറുപതിലെത്തുമ്പോൾ തന്നെ നമുക്ക് ഉള്ളതിലൊക്കെ സന്തോഷിക്കാൻ പഠിക്കണം. ജീവിതം ആഘോഷിക്കാൻ തുടങ്ങണം. എല്ലാ ആശകളും പൂർത്തീകരിച്ച് തൃപ്തിയായി ജീവിച്ചാൽ അതുതന്നെ വലിയ കാര്യം. ഇവിടെ മരിച്ചുപോയവരെക്കുറിച്ച് ഒരു തിരിഞ്ഞുനോട്ടം നടത്തുക. നല്ലതുപോലെ ആസ്വദിച്ചു ജീവിച്ചവർ ബുദ്ധിമാന്മാർ. അതല്ലാത്തവർ വിഡ്ഢികൾ. ആയതിനാൽ അവനവനെ ആദ്യം സ്നേഹിക്കുവാൻ പഠിക്കുക. സ്വയം പരിശീലിക്കുക. അവനവനുവേണ്ടി ഒരു കരുതൽ മാറ്റിവയ്ക്കുക. മക്കൾ ചിറകുവിടർന്നു കഴിയുമ്പോൾ അങ്ങു പറന്നുപോകും. നാം ഒറ്റപ്പെടും. മറക്കാതിരിക്കുക. അവനവൻ കൈയ്യിലേ തലചായ്ക്കാനാവൂ.

## മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ് ((തുടർച്ച)

ക്നാനായ അതിഭദ്രാസനത്തിലെ സമർത്ഥരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥികളെ സഹായിക്കുന്നതിന് ആരംഭിച്ച മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റിൽ നിന്നും നിലവിൽ 55 ഇടവകകളിലെ 654 വിദ്യാർത്ഥികൾക്ക് 2,48,92,414 രൂപാ നൽകിയിട്ടുണ്ട് അതിൽ പഠനം പൂർത്തിയായി ജോലിയിൽ പ്രവേശിച്ചിട്ടും തിരിച്ചടയ്ക്കുവാനുള്ളത് 80 ലക്ഷം രൂപയാണ്. കാലാവധി കഴിഞ്ഞും ഈ തുക തിരിച്ചടയ്ക്കാത്തതിനാൽ അർഹരായ ധാരാളം കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുവാൻ സാധിക്കുന്നില്ല. ഇപ്പോൾ കോവിഡിന്റെ പശ്ചാത്തലം കൂടി ആയതിനാൽ പള്ളികളിൽ നിന്നും വ്യക്തികളിൽ നിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുവാനും സാധിക്കുന്നില്ല. ആയതുകൊണ്ട് വായ്പത്തുക കാലാവധി കഴിഞ്ഞിട്ടും തിരിച്ചടക്കാത്തവരുടെ ലിസ്റ്റ് ഖണ്ഡശ്ശ പ്രസിദ്ധീകരിക്കുകയാണ്.

വായ്പത്തുക തിരിച്ചടക്കാനുള്ളവർ നേരിട്ടോ ബാങ്ക് മുഖേനയോ തിരികെ അടയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

എക്സിക്യൂട്ടീവ് ട്രസ്റ്റികൾ

**ഫാ.എ.പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ** **ശ്രീ.തോമസ് ജോൺ കുളങ്ങര**

**മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ്, മോർ അപ്രേം സെമ്മിനാരി, ചിങ്ങവനം, കോട്ടയം**
**SBI Chingavanam Acc. No. 57004254347, IFSC: SBIN 0070128**

| | |
|---|---|
| **തിരുവൻവണ്ടൂർ സെന്റ്മേരീസ് പള്ളി** | |
| സോമി ജോസഫ്, കാരുവേലിൽ പള്ളത്ത് | 12,000 |
| റോബിൻ റ്റി.തോമസ്, തോപ്പിൽ | 15,000 |
| ചാക്കോ കെ.ഐ., കറയക്കള്ളിൽ | 5,000 |
| റ്റിസ്സ ഏബ്രഹാം, വാളംപറമ്പിൽ | 2,000 |
| റോബിൻ റ്റി. ജോസ്, താമല്ലിൽ | 20,000 |
| ലിസ കുര്യൻ, താമല്ലിൽ | 5,000 |
| റ്റിന്റു എ. ജോയി, അമ്പലപ്പാട്ട് വടക്കേതിൽ | 20,000 |
| ജോസിന ജോസ്, ഇലവുംപറമ്പിൽ | 40,000 |
| ലിന്റു ഇടിക്കുള, കറുകേലിൽ | 50,000 |
| റ്റിജോ തോമസ്, അമ്പലപ്പാട്ട് | 30,000 |
| റ്റിൻസി തോമസ്, ഊരുവേലിൽ | 20,000 |
| സോമോൾ ഏബ്രഹാം, ഇലവുംപറമ്പിൽ | 35,000 |
| അന്നു തോമസ്, നെടുംതറയിൽ | 50,000 |
| **തോട്ടപ്പുഴ സെന്റ്പീറ്റേഴ്സ് പള്ളി** | |
| എത്സാ ഏബ്രഹാം, കുന്നുംപുറത്ത് | 20,000 |
| **തുരുത്തിക്കാട് സെന്റ്ജോൺസ് പള്ളി** | |
| ജിനിറ്റ് കെ. ജോയി, കണ്ടല്ലൂർമുകളിൽ | 3,000 |
| ജിയ ജോയി, കണ്ടല്ലൂർതാഴെ | 70,000 |
| **വാകത്താനം സെന്റ്സൈമൺസ് പള്ളി** | |
| രമ്യാ ബാബു, കക്കുഴിയിൽ | 10,000 |
| പ്രിൻസ് മാത്യു, ഒറ്റപ്ലാക്കൽ | 15,000 |
| ബിൻസി ഫിലിപ്പ്, വാലുകുളത്ത്കരോട്ട് | 10,000 |
| ലിജു പുന്നൂസ്, കൂട്ടുമ്മേൽ | 5,000 |
| റ്റിന്റു കെ.സി. ആനിക്കൽ കാഞ്ഞിരത്തുംമൂട്ടിൽ | 5,000 |
| ബിനീറ്റ പി. ബാബു, പാറയിൽ | 20,000 |
| മിന്റു സൂസൻ തോമസ്, ആനിക്കൽ | 25,000 |
| രാഹുൽ കെ. കുറിയാക്കോസ്, കൂർക്കകാലായിൽ | 15,000 |
| രേഷ്മാ റെജി, മരങ്ങാട്ട് | 30,000 |
| തോമസ് കുറിയാക്കോസ്, എള്ളുപറമ്പിൽ | 20,000 |
| ബിറ്റു മെറിൻ ബേബി, വാലുകുളത്ത് കരോട്ട് | 15,000 |
| ലിന്റു രാജു, കീച്ചേരിൽ | 45,000 |
| വിനീത ചാക്കോ, കിഴക്കേ കാഞ്ഞിരക്കാട്ട് | 10,000 |
| ഷിൽപ സാറാ സാബു, പാറാവേലിൽ | 10,000 |
| ജിന്റു സൂസൻ തോമസ്, ആനിക്കൽ | 10,000 |
| അഖിൽ വി. ആൻഡ്രൂസ്, വിലങ്ങൻപാറ | 10,000 |
| ചിപ്പി കെ. സാബു, കക്കാട്ട് | 10,000 |
| അഖിൽ മാത്യു, പ്ലാക്കുഴിയിൽ | 20,000 |
| **വള്ളംകുളം സെന്റ്ജോർജ്സ് പള്ളി** | |
| ജൂലി കെ. ബാബു, കിഴക്കേതിൽ | 15,000 |
| കെബിൻ കെ. ഏബ്രഹാം, കടക്കാവുങ്കൽ | 35,000 |
| റ്റിഷ ഏബ്രഹാം, പട്ടുകാലായിൽ | 25,000 |
| **വള്ളംകുളം സെന്റ്മേരീസ് ബെഥേൽ പള്ളി** | |
| ഷീബ ഏബ്രഹാം, ഓച്ചാലിൽ | 5,000 |
| റൂബി എ.പി., അമ്മനത്ത് | 1,500 |
| മറിയാമ്മ ഏബ്രഹാം, തുണ്ടിയിൽ | 5,000 |
| നീതു ഏബ്രഹാം, അടയ്ക്കാകുളത്ത് | 15,000 |
| **വെച്ചൂച്ചിറ സെന്റ്മേരീസ് പള്ളി** | |
| റ്റിന്റാ തോമസ്, തൈക്കൂട്ടത്തിൽ | 99,760 |
| നീതു തോമസ്, ചെറുവട്ടക്കാട്ട് | 15,000 |
| റ്റിന്റോഷ് മാത്യു, തൈക്കൂട്ടത്തിൽ | 25,000 |
| **വെളിയനാട് സെന്റ്സ്റ്റീഫൻസ് വലിയ പള്ളി** | |
| അജീഷ് ഏബ്രഹാം, അത്തിപറമ്പിൽ | 10,000 |
| ശോഭ ഏബ്രഹാം, പത്തിൽച്ചിറ | 50,000 |
| തോമസ് ജോസഫ്, തറയിൽ | 15,000 |
| ബിബിൻ തോമസ്, ചക്കൻകരി പുത്തൻപറമ്പിൽ | 5,000 |
| ദീപ ഏബ്രഹാം, പത്തിൽച്ചിറ | 79,610 |
| മരിയ ജോസ്, തറയിൽ | 15,000 |
| ചിത്രാ സാബു, ചക്കൻകരിയിൽ | 78,600 |
| ജോമോൾ മാത്യു, വല്ലോൻതറ കൊരത്തറ | 20,000 |
| റ്റിന്റു തോമസ്, മറ്റത്ത് | 5,000 |
| ചിന്നുമോൾ ഏബ്രഹാം, ചക്കൻകേരി പുത്തൻപറമ്പ് | 20,000 |
| റിജോ തോമസ്, കാരിപ്പറമ്പിൽ | 20,000 |
| ലീന ഏബ്രഹാം, ചക്കൻകേരി പുത്തൻപറമ്പിൽ | 51,000 |
| സുബിൻ ബേബി, ചക്കിട്ടപറമ്പിൽ | 15,000 |
| കെബിൻ ഏബ്രഹാം, ചക്കൻകേരി പുത്തൻപറമ്പിൽ | 25,000 |
| സോബിൻ റോയി, കുറ്റിശ്ശേരിൽ | 3,500 |
| ജിന്റോ കെ.ജെ, കൊച്ചുചിറയിൽ | 25,000 |
| ജിതിൻ ഡായി പത്തിൽച്ചിറ | 20,000 |
| ജെറിൻ കെ. തങ്കച്ചൻ, കുറ്റിശ്ശേരിൽ | 10,000 |
